കർമ്മേല കുസുമം.

പുസ്തകം ൨൨) ഫൻഫര എപ്രിൽ, (ലക്കം ൩൮.

അമ്പതുനോമ്പിനേക്കുറിച്ച്.

തുടർച്ച.

നമ്മുടെ പാപങ്ങളുടെ സംഖ്യയും കാഠിന്യവും, നമ്മുടെ ആശകളുടെ ഭയങ്കരതവും, സദാ നമ്മെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്ന ആപൽക്കരമായ പരീക്ഷകളും എത്രമാത്രമെന്ന് ആലോചിച്ചാൽ, ഉപവാസത്തിന്റെ ആവശ്യകതയെ നമുക്കു മനസ്സിലാക്കാം. നമ്മുടെ പാപങ്ങൾ ദൈവത്തിന്റെ നീതിയെ ആക്രമിച്ചിരിക്കുന്നു. നാം ഇതുവരെ എന്തു പ്രായശ്ചിത്തപ്രവൃത്തികൾ ആണു ചെയ്തിട്ടുള്ളത്? എത്രത്തോളം കഠിനമായി നാം മനസ്താപപ്പെട്ടിട്ടുണ്ട്? നിരന്തരമായ പ്രായശ്ചിത്തത്തിനും കരച്ചിലിനും ഒരു ചാവടോഷം മാത്രം മതിയെന്നു മനസ്സിലാക്കിയിരുന്ന മഹാന്മാരായ ഭാഗ്യപ്പെട്ടവരുടെ ജീവിതത്തോടു നമ്മുടെ ജീവിതത്തെതാരതമ്യപ്പെടുത്തുകയൊ, ഒരൊറ്റ ചാവടോഷത്തിനു പ്രായശ്ചിത്തമായി അഞ്ചൊ, ഏഴൊ, പത്തൊ എന്നുവേണ്ടാ അതിലധികമൊ വർഷത്തേക്കു അപ്പവും വെള്ളവും മാത്രം ഭക്ഷിച്ചുകൊണ്ടും, ചാക്കുവസ്ത്രം ധരിച്ചുകൊണ്ടും ജീവിക്കണമെന്ന് ആജ്ഞാപിച്ചിരുന്ന പൂർവ്വസഭയുടെ നടപടികൊണ്ടും, സുവിശേഷതത്വങ്ങളാലും, ഇതേവരെ നാം ചെയ്തിട്ടുള്ള പാപവിമോചനപ്രവൃത്തികളെ അളക്കുകയൊ ചെയ്യുന്നെങ്കിൽ, ഓ! നിർഭാഗ്യമെ, ഈ സംഗതിയിൽ നാം എത്രയൊദൂർല്ലഭ കൃത്യത്തോടു കൂടിയവരാണെന്നു നിഷ്പ്രയാസം നമുക്കു മനസ്സിലാക്കാം. മാമ്മോദീസായിൽ പറഞ്ഞൊത്തവയെ നമ്മുടെ അസംഖ്യ പാപങ്ങൾകൊണ്ടു ലംഘിച്ചതിനാലും, സ്രഷ്ടാവിന്റെ നീതിന്യായപ്രമാണങ്ങൾക്കു വിരുദ്ധമായി നമ്മുടെ ഓരോ ഇന്ദ്രിയങ്ങളെ അശുദ്ധമാക്കി പ്രവൃത്തിച്ചതുകൊണ്ടും ദൈവനീതിക്കു കുറക്കാരും കടക്കാരും നാം ആയി തീർന്നിരിക്കുന്നു. ഇപ്രകാരമുള്ള പാപങ്ങളെ പരിഹരിക്കുന്നതിനുള്ള ദൈവാനുഗ്രഹങ്ങളെ ലഭിക്കുന്നതിനു ഇടയുടക്കവും വഞ്ജനയും ഉപവാസവും അത്യന്താപേക്ഷിതമായിട്ടുള്ളതാകുന്നു. ഏതൊരു പാപമെങ്കിലും! അതു എത്ര ലഘുവായിരുന്നാൽ ക്രൂടെയും, ദൈവനീതിക്കടുത്ത ശിക്ഷകൊണ്ടൊ, സ്വമനസ്സാലുള്ളതപസ്സുകൊണ്ടൊ, ഇഹത്തിലൊ പരത്തിലൊ ശിക്ഷിക്കപ്പെടണമെന്നു വി. ആഗുസ്തീനോസു മല്പാൻ സാക്ഷിക്കുന്നു. ഉപവാസം ദൈവകോപത്തെ ശമിപ്പിക്കുന്നതിനുള്ള ഉത്തമ മാർഗ്ഗമാണെന്നു വേദപുസ്തകം വ്യക്തമായി സാക്ഷിച്ചിരിക്കുന്നു. ഉപവാസത്തിലും, കരച്ചിലിലും നെടുവീർപ്പിലും പാപികൾ മുഴുഹൃദയത്തോടുകൂടി തന്റെ പക്കലേക്കു വരുന്നതിനു ദൈവം തന്റെ നിവൃന്മാർ വഴിയായി അവരെ ഉത്സാഹിപ്പിച്ചിരുന്നുവെന്നു പഴയനിയമം നമ്മെ അറിവിക്കുന്നു. നിനിവ പട്ടണവാസികളുടെയും, ആക്കാബ് രാജാവിന്റെയും ദാവീദു രാജാവിന്റെയും ഉപവാസംകൊണ്ടു പ്രകാരം ദൈവകോപത്തെ ശമിപ്പിച്ചു

ഒരു അത്യാകാരംതന്നെ ഉപവാസംകൊണ്ടു ദൈവകോപത്തെ അമർത്താമെന്നു നമുക്കും മനസ്സിലാക്കാം. സുവിശേഷം വഴിയായി നമ്മുടെ ദിവ്യരക്ഷകൻ, തന്റെ വാക്കാലും പ്രവൃത്തിയാലും, ഉപവാസം ശുദ്ധീകരണത്തിനു ആവശ്യമെന്നു കണ്ടുകൊണ്ടു, താൻതന്നെ നമ്മോടു കല്പിച്ചു അതിനു വേണ്ട മനഃപ്രണങ്ങൾ പുതിയ മാർഗ്ഗത്തിൽ നൽകിയിരിക്കുന്നുവെന്നു വി. മത്തായി നു അ. ഫന്ന വാ. ഫഖ അ. ഫം വ. സാക്ഷിച്ചിരിക്കുന്നു. ചില മതാദ്ധ്യാപികൾ, പുതിയ മാർഗ്ഗത്തിൽ ഉപവാസം ആചരണീയമായിട്ടുള്ളതല്ലെന്നു ഉപദേശിക്കുന്നതു അടിസ്ഥാനരഹിതമായിട്ടുള്ളതാകുന്നു. എന്തുകൊണ്ടെന്നാൽ പാപപരിഹാരപ്രാശ്ചിത്തം നാമെടുക്കുന്നില്ലെങ്കിൽ നിശ്ചയമായി നശിച്ചുപോകുമെന്നു മ്ശിഹാ തന്നെ അരുളിച്ചെയ്തിരിക്കുന്നു.

F. S. P.

തിരുസഭയുടെപേരിൽ ചില അജ്ഞന്മാർ ചെയ്യുന്ന ദോഷാരോപണം.

തിരുസ്സഭയെന്ന ദിവ്യ തൊഴുത്തിന്റെ മതിലിനു പുറത്തുനിന്നു നോക്കുന്ന ഒരാൾക്കു, അതിൽ ആടുകളോടുകൂടെ ചെന്നായകളും കിടപ്പുണ്ടെന്നു പ്രഥമദൃഷ്ടിയിൽ തോന്നിപ്പോയേക്കാം. പക്ഷേ ഈവിധ വിചാരങ്ങൾ തിരുസ്സഭയുടെ സ്ഥാപകനായ മ്ശിഹായെക്കുറിച്ചും ജനങ്ങളുടെ ഇടയിൽ ഉണ്ടായിട്ടുണ്ട്. "നസറേത്തു തെരുവിൽ കൂടി കളിച്ചു നടന്ന ബാലൻ ദൈവമാണെന്നു ഞാൻ ഒരിക്കലും വിശ്വസിക്കയില്ല" എന്നു നെസ്റോറിയൂസും "ഒരു ദൈവം വിറച്ചു നടുങ്ങിക്കൊണ്ടു കുരിശിൽ തൂങ്ങി മരിച്ചു എന്നു് ആർ വിശ്വസിക്കും" എന്നു ചെൽസൂസും "മ്ശിഹാ സ്പഷ്ടമായിട്ടു ദൈവമാണെന്നും ഒരിക്കലും മനുഷ്യനല്ലെന്നും, തന്റെ ശരീരവും അതിൽ അനുഭവിച്ച കഷ്ടപ്പാടുകളും കേവലം മായക്കാഴ്ചകളാണെന്നും" യൂറിക്കുസും ജല്പിക്കുന്നു. ഇവരുടെ ഈ തെറ്റിദ്ധാരണക്കു അമർച്ച വരുത്തിയതു ക്രിസ്താബ്ദം രണ്ടാം—ൽ കൂടിയ ഒരു പൊതു സൂനഹദോസാണ്.

മ്ശിഹാ സത്യദൈവവും സത്യ മനുഷ്യനും ആയിരിക്കകൊണ്ടു് തന്നാൽ സ്ഥാപിതമായ കത്തോലിക്കാ സഭയും ഈ ഇരുവക സ്വഭാവത്തോടുകൂടിയായിരിക്കേണമല്ലൊ. ഈ ബോധത്തോടുകൂടെ പരസ്പര വിരുദ്ധമെന്നു തോന്നിപ്പോകുന്ന ചില കത്തോലിക്കാ സത്യങ്ങളിലേക്കു നമുക്കു പ്രവേശിക്കാം. വേദാഗമത്തിൽ പല സ്ഥലങ്ങളിലും 'സമാധാനം' 'നിങ്ങൾക്കു സമാധാനം' 'നൽമനസ്സുള്ള മനുഷ്യർക്കു സമാധാനം' എന്നിങ്ങനെ കാണാവുന്നതാണ്. എന്നാൽ മറ്റു ചില സ്ഥലങ്ങളിൽ 'ഞാൻ ലോകത്തിൽ സമാധാനം അയക്കുന്നതിനു വന്നിരിക്കയാണെന്നു നിങ്ങൾ വിചാരിക്കുന്നോ? സമാധാനം അയക്കുന്നതിനല്ല, വാൾ അയക്കുന്നതിനാണ് ഞാൻ വന്നിരിക്കുന്നതു' എന്നും കാണ്മാനുണ്ട്. ഈ അവസാന വാക്യങ്ങളെ സ്ഥിരീകരിക്കുന്നതിനെ എന്നു തോന്നുമാറു് ഇപ്പോൾ യൂറോപ്പിന്റെ പല ഭാഗങ്ങളിലും കത്തോലിക്കരുടെ സമാധാനത്തിനു ഭംഗം ചെയ്യുന്നവരുടെ സംഖ്യ ദിനംപ്രതി വർദ്ധിച്ചുതന്നെ വരുന്നു.. ഭരണാധികാരികളും രാജ്യതന്ത്രജ്ഞന്മാരും, തങ്ങളുടെ ഐഹിക ജീവിതത്തിൽ സകലവിധ സന്തോഷങ്ങളും അനുഭവിക്കേണമെന്നുള്ള ഏകോദ്ദേശ്യത്തോടുകൂടി നിർമ്മിക്കുന്ന നിയമങ്ങളിലും ചട്ടങ്ങളിലും വലതും തിരുസ്സഭയുടെ അന്ത്യത്തോടു യോജിക്കാതിരിക്കുമ്പോൾ അവയെ ഖണ്ഡിക്കുന്നതു കത്തോലിക്കാ സഭയുടെ മുറയും കടമയും ആകുന്നു. ഇപ്രകാരം ചെയ്യുന്നില്ലെങ്കിൽ തിരുസഭ മുഖസ്തുതിയും ലോകപ്രീതിയും ഒത്ത വിധത്തിൽ പ്രവൃത്തിക്കുന്നു എന്നല്ലാതെ അതിന്റെ സ്ഥാപകനായ മ്ശിഹായുടെ തിരുമനസ്സിനെ നിറവേറുന്നു എന്നു ഒരിക്കലും പറയാൻ പാടുള്ളതല്ലല്ലൊ. സാക്ഷാൽ ജ്ഞാനവും ക്ഷമയും തന്നെയായിരിക്കുന്ന മ്ശിഹായും തന്റെ ഉദ്ദേശ്യത്തിനു പ്രതിബന്ധമായി നിന്നിരുന്നവരോടു് പരുഷമായി സം

സാരിച്ചിട്ടുണ്ടെന്നു താഴെ കാണുന്ന വാക്യങ്ങൾ തെളിയിക്കുന്നു. ഹേറോദേസ് രാജാവിനെ ഉദ്ദേശിച്ചുകൊണ്ട് 'നിങ്ങൾ പോയി ആ കുറുക്കനോടു പറവിൻ' എന്നും യൂദമതാചാര്യന്മാരെ ലാക്കാക്കിക്കൊണ്ട്, 'വെള്ളപൂശിയ ശവകുടീരങ്ങളെ! അണലിപ്പാമ്പുകളെ! കള്ളജ്ഞാനികളെ!' എന്നും മറും മ്ശിഹാ അരുൾചെയ്തിട്ടുള്ളതായി നാം വേദാഗമം വഴിയായി അറിയുന്നു. അതിനാൽ ഭരണാധികാരികളിൽ നിന്ന് കത്തോലിക്കർക്കു നേരിട്ടുകൊണ്ടിരിക്കുന്ന സങ്കടങ്ങളും രക്തം ചിന്തലും, സൂക്ഷ്മദൃഷ്ട്യാ ആലോചിക്കുമ്പക്ഷം, ഒരുവിധം ഒഴിച്ചുകൂടാത്തതുതന്നെയാകുന്നു. എന്തുകൊണ്ടെന്നാൽ, 'ഭൃത്യൻ തന്റെ യജമാനനേക്കാൾ ഉയർന്നവനല്ല' എന്നരുളിച്ചെയ്ത മ്ശിഹാ തന്റെ ജീവിത ദശയിൽ അനുഭവിച്ച കഷ്ടപ്പാടുകളുടെ ഒരു പ്രതിഛായ തന്റെ സഭയും സഹിക്കുന്നതിനു അനുവദിക്കുന്നതിൽ ഒട്ടും അത്ഭുതപ്പെടുവാനില്ലല്ലൊ.

എങ്കിലും നിങ്ങൾ ധൈര്യമായിരിപ്പിൻ, മ്ശിഹാ യഥാർത്ഥമായ സമാധാനത്തെയാണ് ആഗ്രഹിക്കുന്നതു്. എന്നാൽ ലോകം തന്നിട്ടു തട്ടിത്തുകളയുന്ന സമാധാനമൊ, സഭാവത്തിനു പ്രകൃതിയോടുള്ള യോജ്യതയിൽനിന്നുളവാകുന്ന സമാധാനമൊ അല്ല താൻ ആഗ്രഹിക്കുന്നതു്. പിന്നയൊ സഭാവത്തിന്റെയും വരപ്രസാദത്തിന്റെയും സമ്മേളനത്തിൽനിന്നുതടവിക്കുന്ന സമാധാനമത്രെ ആഗ്രഹിക്കുന്നു. ഈ സമാധാനമാണ് ദൈവത്തിന്റെ സമാധാനം. ഇതിനെ ഇല്ലാതാക്കുവാൻ ലോകം എത്രതന്നെ ശ്രമിച്ചാലും സാധിക്കുന്നതല്ല.

ശുദ്ധതയും പാപവും.

കത്തോലിക്കാ സഭയെക്കുറിച്ചുള്ള ആക്ഷേപത്തിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്നതു ഈ വിഷയമാണ്. കാവ്യർ മഹമ്മദുകാർ മുതലായവർ കത്തോലിക്കാസഭ, അനുകരിപ്പാൻ പാടില്ലാത്ത വിധം വിശുദ്ധയാണെന്നും അതിന്റെ തത്വങ്ങളും ബോധനങ്ങളും കേവലം വാദപ്രതിവാദത്തിനു വിഷയമാക്കാമെന്നല്ലാതെ പ്രവൃത്തിയിൽ കൊണ്ടുവരത്തക്കതല്ലെന്നും പറഞ്ഞുകൊണ്ട് അതിനെ ആക്ഷേപിക്കുന്നു. നേരെ മറിച്ച് 'പ്യൂരിറ്റൻസ്' എന്ന പ്രോട്ടസ്റ്റാണ്ട് സഭയിൽപെട്ട ഒരു ശാഖക്കാർ, കത്തോലിക്കാസഭയ്ക്ക് മ്ശിഹായുടെ സഭയെന്ന വിളിക്കപ്പെടുവാൻ തക്ക ശുദ്ധതയില്ലായെന്നു ഘോഷിക്കുന്നു. എന്തുകൊണ്ടെന്നാൽ പാപികളോട് എത്രയൊ എളുപ്പമായ വിധത്തിലാണ് അതു പ്രവൃത്തിക്കുന്നതു്. എത്ര കഠോര പാപിയേയും അതു ഉപേക്ഷിക്കുന്നില്ല. ഇതൊക്കെയാണ് അവരുടെ ന്യായം. ഇതിന്റെ തെളിവിലേക്ക് ഒരു സംഭവംകൂടെ എടുത്തു കാണിക്കാം. കുറേവർഷങ്ങൾക്കുമുമ്പു ഒരുന്യായാധിപൻ ഒരു വൈദികനുമായി സംസാരിച്ചുകൊണ്ടിരിക്കയിൽ സംഗതിവശാൽ "നിങ്ങൾക്കു കുമ്പസാരം എന്ന ഒരു കർമ്മം ഉള്ളതുകൊണ്ടാണ് നിങ്ങളുടെ ഇടയിൽ കുറക്കാരുടെ സംഖ്യ വർദ്ധിച്ചുവരുന്നതു്" എന്നു പറകയുണ്ടായി. അംഗീ ജീവിത ദശയിൽ ഒഴിച്ചുകൂടാത്ത ഒരു സാധനമായിട്ടാണല്ലൊ ഇരിക്കുന്നതു്. എന്നാൽ അതിന്റെ ദുഷ്പ്രയോഗത്തിൽനിന്നു അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന അഗ്നിബാധനിമിത്തം വളരെ ദ്രവ്യനഷ്ടത്തിനും ജീവനാശത്തിനുകൂടെയും ഇടയാകുന്നു എന്നു കണ്ടിട്ട് ഒരു പട്ടണ പരിഷ്കരണ കമ്മിട്ടി മേലാൽ തീ ഒരുത്തരും ഉപയോഗിച്ചുകൂടെന്നു ഒരു നിയമം പാസാക്കിയാൽ അതിൽനിന്നുളവാകുന്ന മൂഢത്തത്തിനു മുൻപറഞ്ഞ ന്യായാധിപന്റെ അഭിപ്രായത്തോടു് ഏതാണ്ടൊരു സാമ്യം ഉണ്ടെന്നാണ് തോന്നുന്നതു്.

തിരുസഭയ്ക്കു ശുദ്ധത പോരായെന്നു ജല്പിക്കുന്നവരോടു സമാധാനം പറയുന്നതിനു തക്ക ന്യായം കണ്ടെത്തുവാൻ അതിന്റെ സ്ഥാപകനായ മ്ശിഹായുടെ വക്കൽ തന്നെ നാം പോകേണ്ടിയിരിക്കുന്നു. സാക്ഷാൽ ശുദ്ധത തന്നെയായിരിക്കുന്ന അവിടത്തെ പ്രവൃത്തി യൂദജനത്തിനു ഇടർച്ചക്കു കാരണമായി. എന്തുകൊണ്ടെന്നാൽ അവരുടെ നേതൃത്വങ്ങൾക്കു മ്ശിഹാ ശുദ്ധതയുള്ളവനായി കാണപ്പെട്ടില്ല. പാപികളോടും ചുങ്കക്കാരോടുംകൂടെ സഹവസിച്ചതും, മഗ്ദലേനാ എന്ന പ്രസിദ്ധ പാപി തന്നെ തൊട്ടു

തിനുവദിച്ചതും സാപ്രേന്മാക്കും പ്രീശേന്മാക്കും എതുയൊ വെറുക്കത്തക്ക കാര്യങ്ങളായിരുന്നു. അപ്രകാരം തന്നെ മത്തായിയെ ചുങ്കസ്ഥലത്തുനിന്നു വിളിച്ചു ശ്ലീഹാ ആക്കിയതും സാബത്ത ദിവസങ്ങളിൽ പരോപകാര പ്രവൃത്തി ചെയ്തതും, ദൈവപ്രമാണത്താൽ തന്നെ അശുദ്ധൻ എന്നു വിധിക്കപ്പെട്ടിരുന്ന കുഷ്ഠരോഗിയെ തൊട്ടതും യൂദജനത്തിന്റെ കോപാഗ്നിക്കു തന്നെ ഇരയാക്കിയ പ്രവൃത്തികളായിരുന്നു.

കത്തോലിക്കാ തിരുസഭയെപ്പറ്റി പറഞ്ഞാലും ഇപ്രകാരംതന്നെയാണ്. അതു ദൈവികമായിരിക്കുന്നതുകൊണ്ടു ശുദ്ധതയുള്ളതായിരിക്കുന്നു. അതു മാനുഷികവും മനുഷ്യരുടെ ഇടയിൽ സ്ഥിതിചെയ്യുന്നതും ആകകൊണ്ടു പാപികളെയും ശരണമറ്റവരെയും അതു ഉപേക്ഷിക്കുന്നില്ല. ഒരുവിധത്തിൽ പറഞ്ഞാൽ സാധാരണ ശുദ്ധതകൊണ്ടു അതു തൃപ്തിപ്പെടുന്നില്ലെങ്കിലും, മറ്റൊരു വിധത്തിൽ എതുയും നിസ്സാരമായതുകൊണ്ടു ക്രൂടെയും അതിനു തൃപ്തിയുണ്ടാകുന്നു. പാപികളുടെ മനസ്സാന്തരത്തിനുള്ള രഹസ്യ ശക്തി അതിനുമാത്രമെയുള്ളു എന്നു നന്നായി അറിഞ്ഞിരിക്കുന്നതുകൊണ്ടു അതു യാതൊരു പാപിയേയും പരിത്യജിക്കുന്നില്ല. പാപികളോടുകൂടെ സഹവസിക്കുന്നതിനും അവരെ ആശ്ലേഷിക്കുന്നതിനും അതിനു അല്പംപോലും മടിയില്ല.

Y. . 2 . D

ന. കർത്താവിന്റെ ഉയിർപ്പു തിരുനാൾ.

"ക്രൂശിക്കപ്പെട്ട നസ്രായക്കാരൻ ഈശോയെ നിങ്ങൾ അന്വേഷിക്കുന്നു; അവൻ ഉത്ഥാനം ചെയ്തു, ഇവിടെയില്ല"
(മർക്കോസ് ന്റെ ന.)

തന്റെ ദിവ്യ മണവാളന്റെ കഷ്ടപ്പാടുകളെയും കുരിശുമരണത്തെയും പറ്റി ധ്യാനിച്ചുകൊണ്ടു ഈ കഴിഞ്ഞ കുറെ ദിവസങ്ങളെ ചെലവഴിപ്പാനായി നമ്മോടു ഉപദേശിച്ചിരുന്ന തിരുസഭ ഇന്നേദിവസം നമ്മുടെ കണ്ണുനീരുകളെ തുടച്ചിട്ടു തന്നോടുകൂടെ ഹല്ലേലൂയാ പാടി സന്തോഷിക്കുന്നതിനായി നമ്മെ ഓരോരുത്തരേയും ക്ഷണിക്കുന്നു. എന്തുകൊണ്ടെന്നാൽ "സ്വന്ത ജീവനെ പൂജിച്ചുകൊണ്ടു മ്ശിഹാ നരക ശക്തികളുടെ മേൽ ജയം പ്രാപിച്ചിരിക്കുന്നു." മാത്രമല്ല, ന. കർത്താവിന്റെ ഉത്ഥാനം എന്ന ഈ ദിവ്യരഹസ്യം നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനവും, നമുക്കും മരണാനന്തരം ഉയിർപ്പുണ്ടെന്നുള്ളതിന്റെ ഉറപ്പുള്ള അച്ചാരവും, പാപമെന്ന മരണത്തിൽനിന്നു വരപ്രസാദമെന്ന ആയുസ്സിലേക്കുള്ള നമ്മുടെ ജ്ഞാനഉയിർപ്പിന്റെ ഒരു മാതൃകയും ആകുന്നു.

മ്ശിഹായുടെ ഉയിർപ്പു നമ്മുടെ വിശ്വാസത്തിന്റെ അസ്ഥിവാരമാകുന്നു. എന്തെന്നാൽ "ഈശോമ്ശിഹാ ഉത്ഥാനം ചെയ്യാതിരുന്നെങ്കിൽ നിങ്ങൾ ഇനിയും നിങ്ങളുടെ പാപങ്ങളിൽ തന്നെയായിരിക്കുന്നതിനെക്കൊണ്ടു നിങ്ങളുടെ വിശ്വാസം പ്രയോജനമറ്റതായേനെ" (കോറി. ൧൫-ാം ലേഖ. ൧൭ അ. ൧൭.) എന്നു വിശുദ്ധ പൌലോസ് അരുളിച്ചെയ്യുന്നു. എന്നാൽ മ്ശിഹാ പുനരുത്ഥാനം ചെയ്തു എന്ന സംഭവം എതുയും നിശ്ചയമുള്ളതും പരിത്യജിക്കാൻ പടില്ലാത്തതുമായ തെളിവുകളാൽ ഉറപ്പിക്കപ്പെട്ടതാകുന്നു എന്ന സുവിശേഷത്തിൽ നിന്നു തന്നെ ഗ്രഹിക്കാവുന്നതാണ്. ഇപ്രകാരം ഉറപ്പിക്കപ്പെട്ട ഈ സംഭവത്തിൽനിന്നു ആശ്വാസപ്രദങ്ങളായ പല സത്യങ്ങൾ നമുക്കു ലഭിക്കുന്നുണ്ട്. അവയിൽ മുഖ്യമായിട്ടുള്ളവ, നാം അനുസരിച്ചിരിക്കുന്ന മതം സത്യമായതും ദൈവികവുമാണെന്നുള്ളതും, മ്ശിഹായുടെ പുനരുത്ഥാനം നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമായിരിക്കുന്നതുപോലെ, നാമും മരണാനന്തരം ഒരു ദിവസം പുനരുത്ഥാനം ചെയ്യുമെന്നുള്ള നമ്മുടെ ശരണത്തിന്റെയും അടിസ്ഥാനമായിരിക്കുന്നു എന്നുള്ളതും ആകുന്നു. മ്ശിഹായോടുകൂടെ നിത്യഭാഗ്യം അനുഭവിപ്പാനായി പുനരുത്ഥാനം ചെയ്യാൻ പാടുണ്ടെന്നുള്ള ഈ വിചാരം നമ്മുടെ ആയുസ്സാലത്തിലെ കഷ്ടാരിഷ്ടതകളിൽ നമുക്കെത്ര

കയും ആശ്വാസത്തെയും മനോഉഷ്ടിയേയും തരുന്നു!

നമ്മുടെ കർത്താവിന്റെ പുനരുത്ഥാനം നമ്മുടെ ഉയിർപ്പിന്റെ ഒരു മുൻ സൂചനമാകുന്നു. മ്ശിഹാ മരിച്ചവരിൽനിന്നു ഉയിർത്തു എങ്കിൽ താൻ കൊടുത്തിട്ടുള്ള എല്ലാ ഉപദേശങ്ങളുടെയും സത്യത്തെ താൻ ഉറപ്പിക്കയും ചെയ്തിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ താൻ മതപ്രസംഗം ചെയ്തിട്ടുള്ളതു ദൈവികാധികാരത്താലാണെന്നു തെളിയിക്കുന്നതിനായി അനേകം അത്ഭുതങ്ങളെ ചെയ്തിട്ടുണ്ടെങ്കിലും അവയെല്ലാത്തിനേക്കാൾ അത്യത്ഭുതമായിട്ടു നില്ക്കുന്നതു് അങ്ങേ പുനരുത്ഥാനമാണ്. അതിനാൽ ഈ ഒരു സംഭവം വാസ്തവമാണെന്നു തെളിയിച്ചാൽ "ആകാശവും ഭൂമിയും ഇല്ലാതായാലും എന്റെ വചനങ്ങൾക്കു ഭേദം വരികയില്ല" എന്നരുളിച്ചെയ്ത മ്ശിഹായുടെ വാക്കുകൾക്കു അണുവോളം വ്യത്യാസം വരികയില്ലെന്നും തൻമൂലം നാമും മരണശേഷം ഉയിർക്കുമെന്നുള്ള തന്റെ വാക്യം ഭേദമില്ലാത്ത സത്യമാണെന്നും വിശദമാകുന്നതാണ്.

മ്ശിഹാ താൻ പഠിപ്പിച്ചിരുന്ന സത്യങ്ങളെ കുരുടക്കു കാഴ്ചയും ചെകിടക്കു കേൾവിയും മറ്റൊരുവിധ വ്യാധികളിൽ ഉൾപ്പെട്ടിരുന്നവക്കു സ്വസ്ഥതയും കൊടുത്തുകൊണ്ടു് ഉറപ്പിക്കയിൽ, യൂദജനം പൈശാചിക സഹായത്തോടുകൂടിയാണു് ഇപ്രകാരമുള്ള പ്രവൃത്തികൾ ചെയ്യപ്പെടുന്നതെന്നു് ജല്പിച്ചിട്ടു് ഇവയെക്കാൾ വല്യതായ ഒരടയാളം ആവശ്യപ്പെട്ടുകൊണ്ടു് "ഒരടയാളം ആകാശത്തിൽ നിന്നു അവൎക്കു കാട്ടിക്കൊടുക്കുന്നതിനായി അയാളോടു(മ്ശിഹായോടു) ചോദിച്ചു." അവിടുന്നു് അവരോടുപറഞ്ഞു: "വഷളന്മാരും വ്യഭിചാരികളുമായ ഈ ജനം ഒരടയാളത്തെ ആവശ്യപ്പെടുന്നു. യോനാസ് ദീവ്ദശ്ശിയുടെ അടയാളമല്ലാതെ വേറെ ഒരടയാളവും ഈ പരിഷക്കു കൊടുക്കപ്പെടുന്നതല്ല. എങ്ങനെയെന്നാൽ യോനാസ് മൂന്നു പകലും മൂന്നു രാവും തിമിംഗലത്തിന്റെ ഉദരത്തിൽ വസിച്ചതുപോലെ മനുഷ്യപുത്രനും മൂന്നു പകലും മൂന്നു രാവും ഭൂമിയുടെ അന്തർഭാഗത്തിൽ ഇരിക്കും" (മത്താ. ൨൨. ൩൯)

ഈ സംഭവത്തേത്തന്നെ മ്ശിഹാ ഓർശ്ലമ്മിലേക്കു പോകുന്ന വഴിമദ്ധ്യേ തന്റെ ശിഷ്യരോടുപറകയുണ്ടായിട്ടുണ്ട്. "മനുഷ്യപുത്രനെ അവർ പരിഹാസത്തിനും, ചമ്മട്ടിയടിക്കും, കുരിശിൽ തൂങ്ങിയുള്ള മരണത്തിനുമായി പുറജാതിക്കാൎക്കു ഏൽപ്പിച്ചുകൊടുക്കയും അയാൾ മൂന്നാം ദിവസം ഉയിൎത്തെഴുന്നേൽക്കയും ചെയ്യും." (മത്തായി ൨൦, ൧൯.) മ്ശിഹായുടെ ബദ്ധവൈരികളായിരുന്ന പ്രധാനാചാൎയ്യന്മാരും, പ്രീശേന്മാരും ഈ സംഗതി ഗ്രഹിച്ചിരുന്നതുകൊണ്ടു, മ്ശിഹായുടെ തിരുശരീരം കല്ലറയിൽ അടക്കപ്പെട്ട ഉടനെ, തന്റെ ശിഷ്യർ വന്നു ശരീരം രഹസ്യത്തിൽ എടുത്തുമാറീട്ടു മ്ശിഹാ ഉയിർത്തു എന്നു പ്രസിദ്ധപ്പെടുത്താതിരിക്കുന്നതിനായി, കല്ലറയ്ക്കു മുദ്രപതിച്ചു് കാവൽക്കാരെ അവിടെ സ്ഥാപിച്ചു. എന്നാൽ കർത്താവിന്റെ പുനരുത്ഥാനത്തെ അസ്ഥാനത്തിലാക്കുന്നതിനു പ്രയോഗിക്കപ്പെട്ട മുൻകരുതലുകളും പരിശ്രമങ്ങളും തന്നെ, അതിനെ സംശയസ്ഥാനത്തിൽനിന്നു മോചിപ്പിച്ച കരുക്കളായിത്തീൎന്നു.

ഇങ്ങനെ താൻ പ്രവചിച്ചിരുന്ന പരമരഹസ്യമായ തന്റെ പുനരുത്ഥാനത്തെ നിവൃത്തിയാക്കുന്നതിനോടുകൂടെ തന്റെ മതതത്വങ്ങളെ പൂൎവ്വാധികം സ്ഥിരീകരിക്കയും താൻ "നമ്മുടെ കർത്താവും നമ്മുടെ ദൈവവുമാണെന്നു്" സവിശേഷം പ്രത്യക്ഷപ്പെടുത്തുകയും ചെയ്തു. അതിനാൽ ലോകാവസാനത്തിൽ ഓരോരുത്തൎക്കും അവരവരുടെ പ്രവൃത്തിക്കനുരൂപമായ പ്രതിഫലം കൊടുക്കുവാൻ മരണം പ്രാപിച്ച സകലരേയും വിളിച്ചുകൂട്ടുന്നതിനായി മിശിഹാ തന്റെ മാലാഖമാരെ യാത്രയാക്കുമെന്നു് അരുളിച്ചെയ്തിരിക്കുന്നതിനാൽ നാം ദൈവഭയഭക്തന്മാരായി അങ്ങേ പ്രമാണങ്ങളെ അനുസരിച്ചുകൊണ്ടു ജീവിക്കുമെങ്കിൽ നിത്യഭാഗ്യത്തിനും, നേരെമറിച്ചു ദൈവദ്രോഹികളായി ജീവിക്കുമെങ്കിൽ നിത്യദുർഭാഗ്യത്തിനും ഉയിർക്കുമെന്നുള്ളതു ഭേദംവരാത്ത സത്യമാണ്.

പാപമായ മരണത്തിൽനിന്നു വരപ്രസാദമായ ആയുസ്സിലേക്കുള്ള മാറ്റമാണ് ജ്ഞാനഉയിർപ്പെന്നു പറയപ്പെടുന്നതു.

ഈ ഉയിർപ്പിനും മിശിഹായുടെ ഉയിർപ്പിനുള്ള ലക്ഷണങ്ങൾ ഉണ്ടെങ്കിൽ മാത്രമെ നാം നിത്യഭാഗ്യത്തിനു അവകാശികളാകയുള്ളൂ. മിശിഹായുടെ ഉയിർപ്പു സാക്ഷാലുള്ളതും സുസ്ഥിരതയുള്ളതുമായിരുന്നു. "മിശിഹാ മരിച്ചവരിൽനിന്നുയിർത്തിട്ടു ഇനി ഒരിക്കലും മരിക്കയില്ല. മരണത്തിനു അയാളുടെമേൽ യാതൊരധികാരവുമില്ല" എന്നു പൌലോസ് ശ്ലീഹി റോമാക്കാർക്കുള്ള ലേഖനത്തിൽ പറഞ്ഞിരിക്കുന്നു. നാമും പാപത്തിൽനിന്നുയിർത്തിട്ടു മേലാൽ പാപം ചെയ്യാതെയും പാപം നമ്മുടെമേൽ യാതൊരു കർത്തവ്യവും നടത്താതെയും ഇരിക്കത്തക്കവണ്ണം നമ്മുടെ ജീവിതത്തെ നാം ക്രമപ്പെടുത്തണം. കേവലം സ്ഥിരമല്ലാത്ത ഒരു മനസ്സാന്തരംകൊണ്ടു ദൈവത്തെ പ്രസാദിപ്പിക്കാമെന്നുള്ള ലാക്കോടുകൂടി കഷ്ടിച്ചു ആണ്ടുകുമ്പസാരവും പെസഹാകുർബ്ബാന കൈക്കൊള്ളുപ്പാടും കഴിച്ചുകൊണ്ടുമാത്രം തൃപ്തിപ്പെട്ടിരുന്നാൽപോരാ. മിശിഹാ മരിച്ചവരിൽനിന്നുയിർത്തതു മരണമില്ലാത്തവനായിട്ടാണ്. അപ്രകാരം നാമും പാപമായ മരണത്തിൽനിന്നുയിർക്കുന്നതു മേലിൽ അതിൽ വീഴാതിരിക്കുവാനായിട്ടായിരിക്കണം. ആകയാൽ ക്രൂശാശകളെ ക്രൂശെക്കുടെ കൈക്കൊണ്ടുകൊണ്ടും അനുദിനഭക്തികൃത്യങ്ങളെ കണിശമായി നിറവേറിക്കൊണ്ടും പാപഹേതുക്കളിൽനിന്നൊഴിഞ്ഞുകൊണ്ടും ആശാനിഗ്രഹം മുതലായ തപഃക്രിയകളെ അനുഷ്ഠിച്ചുകൊണ്ടും ജീവിക്കുന്നതായാൽ നാം പാപമെന്ന മരണത്തിൽ വീണ്ടും ഉൾപ്പെടാതിരിക്കയും തൻമൂലം വരപ്രസാദത്തിൽ സുസ്ഥിരമായി നിന്നുകൊണ്ടു മരണംപ്രാപിച്ചതിന്റെശേഷം നിത്യസമ്മാനത്തിനായി പുനരുത്ഥാനം ചെയ്യാനുള്ള ഭാഗ്യം നമുക്കു സിദ്ധിക്കയും ചെയ്യുന്നതാണ്.

Y ∧ ൨ . 2

ഇരുപതാം നൂറ്റാണ്ടിലെ ഒരു അത്ഭുതപ്രവർത്തകൻ.

(തുടർച്ച.)

പഞ്ചക്ഷതങ്ങളുടെ മേൽ അധികാരം നടത്തുകയും രോഗികളെ സുഖപ്പെടുത്തുകയും സ്വഭാവത്തിന്റെയും മനുഷ്യഹൃദയത്തിന്റെയും രഹസ്യങ്ങളെ അറിയുകയും വരുംകാര്യങ്ങളെ പ്രവചിക്കുകയും ചെയ്തിരുന്ന സംപൂജ്യനായ പൌലോസച്ചൻ മനുഷ്യരുടെ സ്തുതിയെ അശേഷം വാഞ്ഛിക്കുകയും "നമുക്കു യാതൊന്നും അറിഞ്ഞുകൂടാ" എന്നു പറയുന്നതിൽ ഇഷ്ടപ്പെടുകയും ചെയ്തിരുന്നു. സാധുക്കളുടെയും എളിയവരുടെയും മുട്ടപാട്ടുകളിൽ അദ്ദേഹം അത്യന്താർദ്രചിത്തമുള്ളവനായിരുന്നതുകൂടാതെ തന്റെ സ്വന്തപട്ടണത്തിൽ മാത്രമല്ല, ബെൽജിയം, ഇംഗ്ലണ്ടു, ഫ്രാൻസ്, ജെർമ്മനി, ഇറലി, അമേരിക്കാ മുതലായ രാജ്യങ്ങളിലുള്ള പ്രഭുക്കന്മാരാദിയായ മഹാജനങ്ങളുടെ ആലോചനക്കാരനും ആത്മികസ്നേഹിതനുംആയിരുന്നു. ദിവസംതോറും മുപ്പതിൽകുറയാതെ എഴുത്തുകൾ കൈപ്പറ്റുകയും അവയ്ക്കൊക്കെല്ലാം താൻ തന്നെ മറുപടി എഴുതുകയും ചെയ്തിരുന്നു. ഇതിൽ മറനേകം വിശുദ്ധന്മാരുടെ സംഗതികളിൽ എന്നപോലെ ഒരു വിസ്മയകാരമായ രഹസ്യം നാം കാണുന്നുണ്ട്. അതു് ഇതെല്ലാം ചെയ്തു നിറവേറുന്നതിനു സമയം കിട്ടുന്നതെങ്ങനെയെന്നുള്ളതാണ്. എന്തുകൊണ്ടെന്നാൽ ചട്ടപ്രകാരമുള്ള ധ്യാനം, ആത്മശോധന, കാനോൻനമസ്കാരം മുതലായ ക്രമമായിട്ടുള്ള കർമ്മങ്ങൾക്കു കൃത്യമായി ഹാജരായിരുന്നതുകൂടാതെ, ഞായറാഴ്ച പ്രസംഗങ്ങൾ, കുട്ടികൾക്കുള്ള വേദോപദേശം, സ്വന്ത ആശ്രമത്തിലേതുകൂടാതെ അസംഖ്യം ജനങ്ങളുടെ കുമ്പസാരം ഇത്യാദി ജോലികൾ നടത്തുകയും ഇതിനിടയ്ക്കു തന്റെ സാന്നിദ്ധ്യം എവിടെയെല്ലാം ആവശ്യപ്പെട്ടിരുന്നോ അവിടെ ഒക്കെയും ഒരു സർവ്വവ്യാപിയെപ്പോലെ സന്നദ്ധനായി കാണപ്പെടുകയും ചെയ്തിരുന്നു. എന്നുമാത്രമല്ല, ദിനംപ്രതി ഒരു വലിയ പുരുഷാരത്തിന്റെ സന്ദർശനം ഭയവായി കൈക്കൊൾകയും ചെയ്തിരുന്നു. ദിവസംതോറും കൃത്യം കാലത്തു അഞ്ചു മണിക്കു ഒരു വലിയ ജനക്കൂട്ടം അദ്ദേഹത്തെ വളഞ്ഞിരുന്നു. ഓരോ നിശ്ചിതതീയതികളിൽ ബ്രുജെസ്, ഗെൻറു, ആ

ൻറുവെപ്പ്, ബ്രുസ്സെൽസ്, എന്നി പട്ടണങ്ങളിൽ പോയി, അവിടെയുള്ള ദീനക്കാർ, കുരുടന്മാർ, തളർവാതക്കാർ മുതലായഎല്ലാവക രോഗപീഡിതരേയും ഒന്നുകിൽ ഉടൻതന്നെ സ്വസ്ഥമാക്കുകയും അല്ലെങ്കിൽ വിശുദ്ധ ബനദീക്തോസിനെക്കുറിച്ചു ഒരുജപംചൊല്ലുന്നതിനോ ഒരുനൊവേനകഴിക്കുന്നതിനോ അവരോടു ആജ്ഞാപിക്കയുംചെയ്ത പതിവായിരുന്നു. ഇപ്രകാരം ചൊല്ലിയിരുന്ന ജപത്തിൻറെയും നൊവേനയുടേയും ഫലം എല്ലായ്പോഴും അതിശയിക്കത്തക്കതായിരുന്നു. ഈ മഹാ പുണ്യവാൻറെ മുഖത്തെ ഒന്നു ദർശിക്കുന്നതിനു അത്യാശ പൂണ്ട്, തെരുവുകളിൽക്കൂടി തിക്കിത്തിരക്കിപോയിരുന്ന ജനബാഹുല്യത്തിൻറെ ഓർമ്മ, അൻറുവെപ്പുപട്ടണവാസികളുടെ ബോധത്തിൽനിന്നു അത്ര വേഗത്തിൽ മറഞ്ഞുപോകുന്നതല്ല. ഈ വന്ദ്യഗുരു പോയിരുന്ന സ്ഥലത്തെല്ലാം അത്ഭുതങ്ങൾ വിതച്ചിരുന്നു എന്നു വേണം പറയാൻ. എപ്പോഴെങ്കിലും, എവിടെവെച്ചെങ്കിലും ഏതുയും ചെറിയ കാര്യങ്ങളിൽ ക്രൂടെയും യഥേഷ്ടം അവയെ ചെയ്യാൻ തക്കതിൻ വണ്ണം, അതിസ്വാഭാവികവരങ്ങൾ അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ടായിരുന്നുവെന്നതോന്നിയിരുന്നു. ഇതിനാൽ അദ്ദേഹത്തിൻറെ ഒരു സ്നേഹിതൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "വന്ദ്യ പൌലോസച്ചൻ അത്ഭുതം ചെയ്യാൻ തുടങ്ങിപ്പോയതുകൊണ്ടു, അതിനു അദ്ദേഹത്തിനു ഒരു പ്രയാസവുമില്ലാത്തവണ്ണം കാണപ്പെട്ടിരുന്നു." ഈ മഹാത്മാവു, അത്ഭുതങ്ങൾ ചെയ്യുന്നുള്ള ഈ വരം തനിക്കു സിദ്ധിച്ചതെങ്ങിനെയെന്നു ഇങ്ങനെവിവരിച്ചിരിക്കുന്നു: 'ഞാൻസന്ന്യാസാശ്രമത്തിൽചേർന്നിട്ടു കുറേ നാളായപ്പോൾ എനിക്കു അതികലശലായ ഒരു ദീനം പിടിപെട്ടു. വൈദ്യന്മാർ എന്നെ കൈവെടിഞ്ഞു. എങ്കിലും നമ്മുടെ ദിവ്യരക്ഷകൻ, പരിശുദ്ധ കന്യാസ്ത്രീമറിയത്തിനോടും വിശുദ്ധ യൌസേപ്പിനോടും വിശുദ്ധ ബെനദീക്തോസിനോടുംകൂടെ എനിക്കു പ്രത്യക്ഷനായി. അപ്പോൾ മാതാവു് എൻറെ കൈയ്യെ പിടിക്കുകയിൽ, കർത്താവു് അങ്ങേ തുക്കരം എൻറെ തലയിൽ വച്ചു കൊണ്ടിപ്രകാരം അരുളിച്ചെയ്തു. 'നീ സുഖമായിരിക്ക. ഇനിമേലിൽ നീ വളരെപ്പേരുടെ ആശ്വാസത്തിനായി ജീവിക്കണം. നീ ശേഷംവേക്കായി എന്നോടു ചോദിക്കുന്നതെല്ലാം നിനക്കു ഞാൻ നൽകുന്നതാണു.' ഉടൻതന്നെഎനിക്കു സൌഖ്യമായി. 'അവിടുന്നു ഉപകാരംചെയ്തുകൊണ്ടു കടന്നുപോയിരുന്നു' എന്നുള്ള വേദവാക്യം ഈ അതിശയിക്കത്തക്ക സന്ന്യാസിയെക്കുറിച്ചു ന്യായമായി പറയാവുന്നതാണു്. ഇദ്ദേഹത്തിൻറെ കവറിടത്തിങ്കൽ ചെന്നു നമസ്കരിക്കുന്ന തിരുയാത്രക്കാർക്കു ലഭിച്ചുവരുന്ന അസംഖ്യം സഹായങ്ങൾ നിമിത്തം അതു എണ്ണം പ്രസിദ്ധിയുള്ളതായി തീർന്നിരിക്കുന്നു.

ഫാ. ജെ. പ

തിരുസഭാ ചരിത്രസംഗ്രഹം.

ക-ാം ശതാബ്ദം ന-ാം സംഗ്രഹം.

വിശുദ്ധ പൌലോസ്.

(തുടർച്ച)

ചോ.= വിശുദ്ധ പൌലോസ് ശ്ലീഹാ ഫിലിപ്പി പട്ടണത്തിൽ നിന്നും പുറപ്പെട്ടിട്ടു എവിടേയ്ക്കാണു പോയതു്?

ഉ.— വിശുദ്ധ ശ്ലീഹാ ഫിലിപ്പി പട്ടണത്തിൽ നിന്നും പുറപ്പെട്ടു തെസ്സലോനിക്ക് എന്ന നഗരത്തിൽ വന്നു. അവിടെ ഏറ്റവും എരിവുള്ള ഒരു ക്രിസ്തീയ സമൂഹത്തെ ഏർപ്പെടുത്തുകയും അവർക്കായി പിന്നീട്ട രണ്ടു ലേഖനങ്ങൾ എഴുതുകയും ചെയ്തു. അനന്തരം അതേനാ പട്ടണത്തിൽ ചെന്നു, അറിയൊപ്പാഗോസ് എന്നു പറയപ്പെട്ടന്ന ന്യായാധിപന്മാരുടെ സമൂഹത്തിൻറെ മുമ്പാകെവച്ചു പ്രസംഗിക്കയും അവരുടെ ബിംബസേവയേയും മറ്റു അബദ്ധബോധകങ്ങളേയും ആക്ഷേപിച്ചു വാദിക്കയും ചെയ്തശേഷം കൊറിന്തിലേക്കു പുറപ്പെട്ടു.

ചോ— കോറിന്തിൽ ശ്ലീഹാ കീഴ്പ്പാൽ താമസിച്ചോ?

ഉ— കോറിന്തിൽ പതിനെട്ടുമാസത്തോളം താമസിച്ചു, ക്രിസ്ത്യാനികളെ

ഒരു സമൂഹത്തെ സ്ഥാപിച്ചു. അവർക്ക പിന്നിട്ട ഭക്തിതിണ്ണതയും ഉപവിയും വിവേകവും നിറഞ്ഞ രണ്ടു ലേഖനങ്ങൾ എഴുതി. കൊറീന്തിൽനിന്നും പുറപ്പെട്ടു, എഫേസൂസ് പട്ടണത്തിൽ വന്നു.

ചോ— എഫേസൂസിൽ ശ്ലീഹായ്ക്ക എന്തു സംഭവിച്ചു?

ഉ— എഫെസൂസിൽ ദിയാന ദേവിയുടെ ബിംബങ്ങൾ പണിതു വളരെ ലാഭം എടുത്തിരുന്ന ഒരു തട്ടാൻ മുഖാന്തരം വി. പൌലോസിനു വിരോധമായി വലിയ ഒരു ബഹളം ഉണ്ടായി. എങ്കിലും ആ പട്ടണത്തിൽനിന്നു പുറപ്പെടുന്നതിനു മുമ്പായി, റോമായിലുള്ള വിശ്വാസികൾക്കു തന്റെ അതിശയിക്കത്തക്ക ലേഖനം എഴുതുന്നതിനു സാധിച്ചു.

ചോ— ഈ പട്ടണം വിട്ടിട്ടു, ശ്ലീഹാ എവിടേയ്ക്കാണു പോയതു?

ഉ— ഈ പട്ടണം വിട്ടിട്ടു, ഓർശ്ലേമിലേക്കാണു പോയതു. ചെറിയ ആസ്യായിലെ ധനികന്മാരായ സഹോദരന്മാരിൽനിന്നും ഒട്ടുവളരെ ധർമ്മം ശേഖരിച്ചു ഓർശ്ലേമിലെ സഹോദരന്മാർക്കായി കൊണ്ടുപോയിട്ടുണ്ടായിരുന്നു. പോകുംവഴി ത്രോആസ് എന്ന പട്ടണത്തിൽ കയറുക ഉണ്ടായി.

ചോ— ഇവിടെവച്ചു അദ്ദേഹം ചെയ്ത അത്ഭുതം എന്തായിരുന്നു?

ഉ— ഇവിടെ അദ്ദേഹം പ്രസംഗം ചെയ്തുകൊണ്ടിരിക്കുമ്പോൾ ജനലിങ്കൽ ഇരുന്നിരുന്ന ഒരു യുവാവു ഉറക്കംതൂങ്ങി മൂന്നാം നിലയിൽനിന്നു താഴെവീണു ഉടനെ മരിച്ചുപോയി. വിശുദ്ധ ശ്ലീഹാ അവനെ പുനർജ്ജീവിപ്പിച്ചശേഷം മിലെത്തോസിലേക്കു തിരിച്ചു.

ചോ. മിലെത്തോസിൽ ശ്ലീഹാ എന്തുചെയ്തു?

ഉ— മിലേത്തോസിൽ എഫേസൂസിലെ സകല മെത്രാന്മാരേയും ആത്മപാലകന്മാരേയും വിളിച്ചുകൂട്ടി അവർ ഇനി തന്നെ ഇഹലോകത്തിൽ വച്ചു കാണുകയില്ലെന്നറിയിച്ചുകൊണ്ടു അവരോടു അവസാന യാത്രപറഞ്ഞു. അപ്പോൾ അവർ എല്ലാവരും വളരെ കണ്ണുനീർ ചൊരിഞ്ഞുകൊണ്ടു അന്നയാത്ര ചെയ്തയും അദ്ദേഹത്തെ കപ്പലിൽ കയറി ഓർശ്ലേമിലേക്കയയ്ക്കുകയുംചെയ്തു.

ചോ— ഓർശ്ലേമിൽ അദ്ദേഹത്തിനു എന്തു സംഭവിച്ചു?

ഉ— ഓർശ്ലേമിൽ ചെന്നശേഷം വിശുദ്ധ ശ്ലീഹായെ യൂദന്മാർ ദേവാലയത്തിൽവച്ചു പിടിച്ചു റോമാ നാടുവാഴിക്കു ഏല്പിച്ചുകൊടുക്കയും അയാൾ അദ്ദേഹത്തെ നേറോ ചക്രവർത്തിയുടെ മുമ്പാകെ വിസ്തരിക്കുന്നതിനായി റോമായിലേക്കു അയക്കയും ചെയ്തു. വിശുദ്ധ ശ്ലീഹാ റോമായിൽ വന്നിട്ടു രണ്ടുവർഷം പാറാവിൽ കിടക്കയും അതിനിടയ്ക്കു അദ്ദേഹത്തെ കാണ്മാൻവന്ന സകലരോടും സുവിശേഷം പ്രസംഗിക്കയുംചെയ്തിരുന്നു.

ചോ— വിശുദ്ധ ശ്ലീഹായ്ക്കു ഒടുവിൽ സ്വാതന്ത്ര്യം ലഭിച്ചോ?

ഉ— ഒടുവിൽ ശ്ലീഹായ്ക്കു സ്വാതന്ത്ര്യം ലഭിക്കയും കിഴക്കൻ ദിക്കിലേക്കു തിരിച്ചുവരികയും പല സഭകൾക്കും അദ്ദേഹത്തിന്റെ ശിഷ്യരായ തെത്തോസിനും തിമോത്തെയോസിനും ഗൌരവമേറിയ ലേഖനങ്ങൾ അയക്കയും ചെയ്തു. അനന്തരം വിശുദ്ധ പത്രോസിനോടു ഒരുമിച്ചു വീണ്ടും റോമായിൽവന്നു. ഈ രണ്ടു ശ്ലീഹന്മാരുടേയും പരിശ്രമത്താൽ റോമാപട്ടണവും ക്രിസ്തീയ സഭയുടെ കൊടിയ ശത്രുവായ നേറോ ചക്രവർത്തിയുടെ അരമനയും ക്രിസ്ത്യാനികളെക്കൊണ്ടു നിറഞ്ഞുകഴിഞ്ഞു.

ചോ— നേറോ എന്തുചെയ്തു?

ഉ— നേറോ ഈ ശ്ലീഹന്മാർ രണ്ടുപേരേയും മരണശിക്ഷയ്ക്കു വിധിച്ചു. വിശുദ്ധ പത്രോസ് തല കീഴായിട്ടു കുരിശിൽ തറയ്ക്കപ്പെട്ടും, വിശുദ്ധ പൌലോസ് റോമാ പട്ടണാർഹത ലഭിച്ചിരുന്നതിനാൽ ശിരശ്ഛേദനം ചെയ്യപ്പെട്ടും ക്രിസ്തുബ്ദം നൂറ്റെ ജൂൺ ഇരുപത്തൊമ്പതാം വേദസാക്ഷിത്വമുടി പ്രാപിച്ചു.

ഫ്രാൻസ് .2

ഒരു അത്ഭുതകരമായ കാഴ്ച.

കൻഹ ഡിസംബർ മാസത്തിൽ അമേരിക്കയിൽ കൊളമ്പ്യാ എന്ന ദിക്കിൽ കൊൻസെപ്ഷ്യോൻ എന്ന ഒരു ചെ

റിയപട്ടണത്തിൽ നടന്നതും ഈശോ സഭയിലെ അരിസ്തിമുനൊ (Aristimuno) എന്ന വന്ദ്യ ഗുരു താൻതന്നെ കണ്ടതായി സാക്ഷിച്ചിരിക്കുന്നതുമായ ഒരു കാഴ്ചയെ താഴെ വിവരിക്കുന്നു.

അമലോത്ഭവ മാതാവിന്റെ തിരുനാളിനു മുമ്പുള്ള നവനാൾ ദിവസങ്ങളിൽ മേല്പറഞ്ഞ സ്ഥലത്തുള്ള ദേവാലയത്തിൽ പ്രസംഗം ചെയ്യുന്നതിനായി വില്ലാരാഗ (Villarraga) എന്ന ഒരു ജെസീത്ത് ഗുരു ചെന്നിരുന്നു. തിരുനാളിനു ആറു ദിവസം മുമ്പുവന്ന മാസാദ്യ വെള്ളിയാഴ്ച ദിവസം പൊതു ആരാധനയ്ക്കായി വി. കുബ്ബാന പള്ളിയിൽ എഴുന്നെള്ളിച്ചുവച്ചു. വയ്ക്കുന്ന ദമണിക്കു ചന്ദ്രഖലയിൽ വെക്കപ്പെട്ടിരുന്ന വി. കുബ്ബാന പെട്ടെന്നു മറഞ്ഞുപോയി. ഉടനെ അവിടെ ഈശോയുടെ തിരുഹൃദയം കാണപ്പെട്ടു. ഈ അത്ഭുതം ആദ്യമായി കണ്ടതു സാഞ്ചെസ് എന്ന പട്ടക്കാരനാണ്. ഇതു തനിക്കു തോന്നുന്ന ഒരു മായാകാഴ്ചയാണോ എന്നു സംശയിച്ചു അദ്ദേഹം തന്റെ അടുക്കൽ നിന്നിരുന്ന പ്രൻസിസ്കൻ സഭക്കാരനായ ഒരു പട്ടക്കാരനോടു താൻ കാണുന്ന കാഴ്ചയെപ്പറ്റി അറിയിച്ചു. അദ്ദേഹവും അതുപോലെതന്നെ കണ്ടിരുന്നതിനാൽ അതു അവിടെ ഉണ്ടായിരുന്ന മറ്റുള്ളവരെ അറിയിച്ചു. അവരും അതുപോലെതന്നെ കണ്ടിരുന്നതിനാൽ എല്ലാവരും ആശ്ചര്യപ്പെട്ടു. ഈ സംഗതി നഗരവാസികൾ അറിയുകയാൽ അവർ പള്ളിയിൽ വന്നു നോക്കുകയിൽ കേട്ടതുപോലെ എല്ലാവരും കാണുന്നതിനു സംഗതിയായി. ഇങ്ങനെ കണ്ടവർ ആയിരത്തിൽ അധികം പേരുണ്ടായിരുന്നു. ക്രിസ്തീയ ജനങ്ങൾ എല്ലാവരും ഈ അത്ഭുതം കണ്ടു സാഷ്ടാംഗമായി വീണ് ഉപകാരസ്തുതി നമ്മുടെ കർത്താവിനു സമർപ്പിച്ചിരുന്നു. ആസമയത്തു ആ ജനങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്ന മുഖഭാവവും അവരുടെ നിലയും ആരെയും ഇളക്കത്തക്ക ഒന്നായിരുന്നു. ദൈവകാര്യങ്ങളിൽ ഉദാസീനന്മാരായി നടന്നിരുന്നവർ ഈ അത്ഭുതകാഴ്ച കണ്ടയുടനെ മനസ്സുതിരിഞ്ഞു തങ്ങളുടെ പഴയ നടപടികളെ തൃജിക്കയും ഈ അത്ഭുത കാഴ്ച സത്യമായ ഒന്നാണെന്നു നിലവിളിച്ചറിവിക്കയും ചെയ്തു. ഈ അത്ഭുതം കണ്ടവർ എല്ലാവരും ഇങ്ങനെതന്നെ പരസ്യമായി അനുസരിച്ചു പറയുന്നു. ഈ കാഴ്ച രണ്ടുമണിക്കൂർവരെ നീളിച്ചിരുന്നതിനാൽ ആ നഗരവാസികൾ എല്ലാവർക്കും വന്നുകാണ്മാൻ വേണ്ട സമയവുമുണ്ടായിരുന്നു. ഈ ദർശനം കണ്ടവർ പറയുന്നതു ഈശോയുടെ തിരുമുഖം പ്രത്യക്ഷപ്പെടുകയിൽ ആ തിരുനെറ്റിയിൽ രണ്ടുതുള്ളി തിരുരക്തം ഉണ്ടായിരുന്നെന്നും ആ തിരുമുഖത്തിൽ വിവരിക്കാവതല്ലാത്ത അഴകും ശോഭിച്ചിരുന്നുവെന്നും പിന്നീട് തിരുമുഖക്കാഴ്ച മാറി തിരുഹൃദയം പ്രത്യക്ഷപ്പെട്ടു എന്നും ആണ്. അവിടത്തെ അഴകുള്ള കണ്ണിൽ പ്രകാശവും അവിടുന്നു ധരിച്ചിരുന്ന വസ്ത്രത്തിൽ പലമടക്കുകളും കാണപ്പെട്ടിരുന്നു. വെള്ളവർണ്ണമുള്ള ഈ വസ്ത്രത്തിൽ എല്ലാവർക്കും തെളിവായി കാണാവുന്ന വിധത്തിൽ ഒരു തിരുഹൃദയവും പ്രത്യക്ഷപ്പെട്ടിരുന്നു. ഇങ്ങനെ പ്രത്യക്ഷപ്പെട്ടിരുന്നതു ശരീരത്തിന്റെ മേൽഭാഗത്തായിട്ടാണ്. അതിനും ആ പള്ളിയിൽ ഇരുന്നിരുന്ന തിരുഹൃദയ സാദൃശത്തിനും വളരെ സാമ്യമുണ്ടായിരുന്നെങ്കിലും അഴകിലും സൌന്ദര്യത്തിലും രണ്ടും അവർണ്ണനീയമായി വ്യത്യാസപ്പെട്ടവയായിരുന്നു. അവിടെയുണ്ടായിരുന്നവർ എല്ലാവരും ഇതു കണ്ടപ്പോൾ തങ്ങളുടെ ഹൃദയത്തിൽ വലുതായ ഉരുക്കവും ഇളക്കങ്ങളും ഉണ്ടായതായി സാക്ഷിക്കുന്നു. രണ്ടുമണിക്കൂറോളം നിന്ന ഈ കാഴ്ചസമയത്തു ഈശോയുടെ ചായ മേല്പറഞ്ഞ വിധത്തിൽ കണ്ടതല്ലാതെ ക്രമാശ ചെയ്യപ്പെട്ട തിരു ഓസ്തി കണ്ടിരുന്നില്ല. ഈ അതിശയകരമായ കാഴ്ചകണ്ട് ക്രമംക്രമമായി ജനങ്ങൾ അൾത്താരസ്റ്റെപ്പടുത്തുവന്നതിനാൽ സാഞ്ചെസ് എന്ന മേല്പറഞ്ഞ പട്ടക്കാരൻ (ഓസ്തി സ്ഥിതിചെയ്തിരുന്ന) ചന്ദ്രഖല എടുത്തു മറച്ചുവെച്ചു. അല്പനേരം കഴിഞ്ഞു വീണ്ടും തുറന്നുവെച്ചപ്പോൾ പിന്നെയും കാഴ്ച മുമ്പിലത്തെപ്പോലെ ഉണ്ടായി. അനന്തരം കുറേശ്ശെ കാഴ്ച കുറഞ്ഞു ഒടുവിൽ തിരുഓസ്തി മാത്രം

ശേഷിച്ചു. ഇരുനൂറിൽ അധികം ആളുകൾ ഈ കാഴ്ച കണ്ടതായി സത്യംചെയ്തു വാമൊഴി കൊടുത്തിട്ടുണ്ട്. ഈ കാഴ്ച മുഖാന്തരം ആ നഗരവാസികളിൽ ഉണ്ടായിട്ടുള്ള പകർച്ചയുടേയും ഭക്തിയുടേയും ഫലം ഇപ്പോഴും നിൽക്കുന്നുണ്ട്. ഈ സംഭവം ഉണ്ടായതു ആദ്യ വെള്ളിയാഴ്ചയിലും നമ്മുടെ കർത്താവു വി. കുർബാനയിൽ സത്യമായി എഴുന്നള്ളിയിരിക്കുന്നു എന്നതിനെപ്പറ്റി സാക്ഷ്യസ് എന്ന പ്രസ്തുത ഗ്രന്ഥകർത്താവു പ്രസംഗിച്ചിരുന്നപ്പോഴാണ്. ഇതു കാണുന്നതിനു ഭാഗ്യംലഭിച്ചവരിൽ താനും ഒരുത്തനാണെന്നു ആദ്യം പ്രസ്താവിച്ച അറിസ്റ്റിമൂനൊ എന്ന വന്ദ്യ ഗ്രന്ഥകർത്താവു എഴുതി സാക്ഷിച്ചിരിക്കുന്നു.

വിശുദ്ധ കുർബാനയിൽ നമ്മുടെ കർത്താവു സത്യമായി തന്റെ ആത്മശരീരങ്ങളോടും ദൈവസ്വഭാവത്തോടുംകൂടി സ്ഥിതിചെയ്യുന്നു എന്നുള്ള സത്യത്തെ അഗാധമായി ജനങ്ങളിൽ പതിക്കുന്നതിനും തന്റെ തിരുഹൃദയത്തിന്റെ പേരിലുള്ള ഭക്തി അവരിൽ അധികരിപ്പിക്കുന്നതിനുംവേണ്ടി ഈവിധമുള്ള ഒരു അത്ഭുതദർശനം നൽകിയതാണ്. അതിനാൽ നാം എല്ലാവരും മേൽക്കുമേൽ വി. കുർബാനയുടേയും തിരുഹൃദയത്തിന്റെയും നേരെയുള്ള സ്നേഹബഹുമാനാദികളിൽ ദിവസേന വർദ്ധിച്ചുവരുന്നതിനു സദാ ശ്രമിക്കണം.

വിശുദ്ധ കുർബാനയും ശുദ്ധീകാരസ്ഥലത്തിലെ ആത്മാവുകളും.

ആർസിലെ വികാരിയായ ഭാഗ്യപ്പെട്ട വിയാന്നി ഇപ്രകാരം പറയുന്നു: "ലോകത്തിലെ സകലപുണ്യപ്രവൃത്തികളും ഒരുമിച്ചു ക്രട്ടിയാലും വിശുദ്ധ കുർബാനയെന്ന ദിവ്യ പൂജയ്ക്കു സമമാകയില്ല. എന്തുകൊണ്ടെന്നാൽ അവ മനുഷ്യന്റെ പ്രവൃത്തികളാകുന്നു. വിശുദ്ധകുർബാനയാവട്ടെ, ദൈവത്തിന്റെ പ്രവൃത്തികളാകുന്നു. വേദസാക്ഷിതാപം ഇതിനോട് ഒപ്പിച്ചു നോക്കിയാൽ സാരമില്ല. എന്തുകൊണ്ടെന്നാൽ അതു മനുഷ്യൻ തന്നെത്തന്നെ ദൈവത്തിനു ബലികഴിക്കുന്ന ഒരു പൂജ മാത്രമാകുന്നു. വിശുദ്ധ കുർബാനയാവട്ടെ, മനുഷ്യനെപ്രതി ദൈവം തന്നെത്തന്നെ ബലികഴിക്കുന്ന ഒരു പൂജയാകുന്നു." ഒരുദിവസം ഒരു പുണ്യപ്പെട്ട പട്ടക്കാരൻ തന്റെ സ്നേഹിതൻ അപ്പോഴും ശുദ്ധീകാരസ്ഥലത്തിൽ ആയിരിക്കുമെന്നു കരുതി അയാൾക്കുവേണ്ടി ഒരു കുർബാനചൊല്ലുവാൻ തുടങ്ങി. പാതിക്കുമേൽ ആയപ്പോൾ പട്ടക്കാരൻ വിശുദ്ധ ഓസ്തി കൈയ്യിൽ എടുത്തുകൊണ്ടു ദൈവത്തോടു ഇപ്രകാരം അപേക്ഷിച്ചു: "ഹാ! പരിശുദ്ധനും നിത്യനുമായ പിതാവെ! നമുക്കൊരു കൈമാറ്റംചെയ്യാം. ബെസ്സുക്കാനായിൽ കിടക്കുന്ന എന്റെ സ്നേഹിതന്റെ ആത്മാവിനെ അങ്ങേ അധീനത്തിൽ വച്ചിരിക്കുന്നു. അങ്ങേ തിരുക്കുമാരന്റെ ശരീരം എന്റെ കൈയിലും പിടിച്ചിരിക്കുന്നു. അങ്ങുന്നു എന്റെ സ്നേഹിതനെ രക്ഷിക്കേണമെ. അതിനു പകരം അങ്ങേ പുത്രനേയും അയാളുടെ പങ്കപ്പാടിന്റെ യോഗ്യതകളേയും അങ്ങേയ്ക്കു ഞാൻ സമർപ്പിക്കുന്നു." ഇതു കഴിഞ്ഞുടൻ സ്നേഹിതന്റെ ആത്മാവു മോക്ഷത്തിലേക്കു പോകുന്നതായി അദ്ദേഹം കണ്ടു.

ശുദ്ധീകാരസ്ഥലത്തിലെ ഒരാത്മാവിനുവേണ്ടി വിശുദ്ധ കുർബാന ചൊല്ലപ്പെട്ടുമ്പോൾ, കുർബാനയുടെ സമയത്തിനിടയ്ക്കു ആയാത്മാവിന്റെ വേദന നിങ്ങുന്നതാണെന്നും എല്ലാകുർബാനയ്ക്കും വളരെ ആത്മാവുകൾ ശുദ്ധീകരണാഗ്നിയിൽ നിന്നും വിമുക്തരായി സ്വർഗ്ഗംപ്രാപിക്കുന്നുണ്ടെന്നും വിശുദ്ധ ഈറാനിമോസ് വേദപാരഗൻ പഠിപ്പിക്കുന്നു.

ബെസ്സുക്കാനായിൽനിന്നു ഒരാത്മാവു ഒരു സന്യാസി ജപം ചെയ്തുകൊണ്ടിരിക്കയിൽ അദ്ദേഹത്തിനു പ്രത്യക്ഷയായി പറഞ്ഞതായത്. "ഞാൻ ബെസ്സുക്കാനായിൽ പതിനഞ്ചുവർഷം സങ്കടം അനുഭവിക്കുന്നതിനായി വിധിക്കപ്പെട്ടിരിക്കുന്നു. ആകയാൽ താങ്കളുടെ പ്രാർത്ഥനകളും ദിവ്യ പൂജകളും കൊണ്ടു എന്നെ സഹായിക്കേണമെ" പിറ്റെദിവസം ആ സന്യാസി പ്രസ്തുത യാത്മാവിനുവേണ്ടി ദിവ്യ

പൂജയർപ്പിച്ചു. പിറെന്നാൾ ആ സമയത്തുതന്നെ ആയാത്മാവു കാണപ്പെട്ട അദ്ദേഹത്തിന്റെ ഉപവിയെക്കുറിച്ചു നന്ദി പറകയും, ദൈവം തനിക്കു വിധിച്ചിരുന്ന ശിക്ഷയെല്ലാം ലഘുവായി ഇളവുചെയ്യുവെന്നു അറിയിക്കയും ചെയ്തു.

വിശുദ്ധ തോമ്മാമല്ലാന്റെ സഹോദരി മരിച്ചതിന്റെശേഷം അദ്ദേഹത്തിനു കാണപ്പെട്ട തനിക്കുവേണ്ടി ഒരു കുർബ്ബാനചൊല്ലണമെന്നു അപേക്ഷിച്ചു. അപ്രകാരം പുണ്യവാൻ ഉടനെ ഒരു കുർബ്ബാനചൊല്ലി കാഴ്ചവെക്കയും അതു കഴിഞ്ഞ മാത്രയിൽ തന്റെ സഹോദരിയുടെ ആത്മാവു സ്വർഗ്ഗത്തിലേക്കു പോകുന്നതു കാണ്മാൻ ഇടയാവുകയും ചെയ്തു. ഈ വൃത്താന്തം വിശുദ്ധ അന്തോനിസ് പുണ്യവാനാണ് എഴുതിയിരിക്കുന്നതു.

തോമാസ് ദെ കാത്തിഫ്റെ എന്ന പ്രസിദ്ധ ഗ്രന്ഥകർത്താവു ഒരിക്കൽ ശുദ്ധീകാരത്മാക്കളെക്കുറിച്ചു വിശുദ്ധ കുർബ്ബാന അണച്ചിരുന്ന മഹാഭക്തനായ ഒരു സന്യാസിയെപ്പറ്റി താഴെക്കാണുന്ന സംഭവം എഴുതിയിരിക്കുന്നു. "ഒരു ഉത്തമ ഭക്തനായ ഒരു കുർബ്ബാനയിൽ "ഭൂലോകദോഷഹീനംചെയ്യുന്ന ദിവ്യചെമ്മരിയാട്ടിൻകുട്ടിയെ! അവക്ക് അനുക്രമംകൊടുത്തരുളേണമെ" എന്നീ വാക്കുകൾ ചൊല്ലിതുടങ്ങിയപ്പോൾ, "Pax (ശ്ലാമ്മാ) വാങ്ങിക്കുന്നതിനായിവേഗംപോകുവിൻ,വേഗം പോകുവിൻ, കുർബ്ബാനകഴിയാറായിരിക്കുന്നു"എന്നു ദൂരെനിന്നുവിളിച്ചുപറയുന്ന ഒരു കൂട്ടം ആളുകളുടെ സ്വരം കേട്ടു. പിന്നെ ശുദ്ധ കുർബ്ബാന ഉൽക്കൊൾവാൻ സമയമായി, ഈശോമിശിഹായുടെ തിരുശരീരം കൈയ്യിൽ എടുത്തപ്പോൾ അദ്ദേഹത്തിനു ഒരു ജ്ഞാനപരവശമുണ്ടായി, വളരെ ആത്മാവുകളുടെ ഒരു സമൂഹം ശ്ലാമ്മാ കൈക്കൊള്ളുന്നതിനായി വരുന്നതുകണ്ടു. ഇപ്രകാരം അവർ വിശുദ്ധ കുർബ്ബാനയിലെ ആശീർവ്വാദം ലഭിച്ചശേഷം പിന്തിരിഞ്ഞപ്പോൾ വേറൊരു കൂട്ടക്കാർ, വേഗംപോകുവിൻ,എന്തുകൊണ്ടെന്നാൽ കുർബ്ബാന മിക്കവാറും കഴിഞ്ഞിരിക്കുന്നു എന്നു അട്ടഹസിച്ചു പറയുന്നതായി കേൾക്കപ്പെട്ടു."

ഇങ്ങനെ ആ സന്യാസി അതിരാവിലെ ചൊല്ലാൻ തുടങ്ങിയ കുർബ്ബാന ഒമ്പതു മണികഴിഞ്ഞതിനുമേൽമാത്രമെ തീർന്നുള്ളു. പിന്നീടു, തനിക്കുണ്ടായ ജ്ഞാനപരവശത്തിന്റെയും കാഴ്ചയുടെയും വൃത്താന്തം മറ്റുള്ളസന്യാസികളോടു വിവരമായി പറഞ്ഞറിയിച്ചു.

Y. മാർ. 2. ൨൫

ഉണ്ണിഈശോയിക്കുള്ള പലഹാരങ്ങൾ.

വടക്കെ അമെരിക്കായിൽ കാബീൻ എന്ന സ്ഥലത്തെ കൊച്ചുകുട്ടികളുടെയിടയിൽ നടന്നുവരുന്ന ഏറ്റവും അനുകരണിയമായ ഒരു സുകൃതമുറ ഫാദർ ഈ. ആമാത്ത എന്ന ദേഹം ഇപ്രകാരം വിവരിക്കുന്നു: "കുഞ്ഞുങ്ങൾ സ്വയമേവ ഏറ്റവും ആനന്ദകരമായ ചില പുണ്യപ്രവൃത്തികൾ ചെയ്യുകയും അവയെ ഉണ്ണിഈശോയിക്കുള്ള പലഹാരങ്ങൾ എന്നു പറഞ്ഞുകൊണ്ടു, അങ്ങേയ്ക്കു കാഴ്ചവെയ്ക്കുകയും ചെയ്യാറുണ്ടു. അവ, അവർ പ്രത്യേകം ശ്രമംചെയ്തു അഭ്യസിക്കുന്ന പുണ്യപ്രവൃത്തികളൊ, അല്ലെങ്കിൽ അവരുടെ ചെറിയ ദുരാശകളെ അടക്കി ജയിക്കുന്ന ജയങ്ങളൊ ആയിരിക്കും. അവയെ ദിവസംതോറും രാത്രി ഒന്നായി കൂട്ടി ദിവ്യഉണ്ണിക്കു സമർപ്പിക്കയും ചെയ്യും. ഞാൻ ഒരു ദിവസം വേദോപദേശം പഠിപ്പിക്കാനായി ഒരു ക്ലാസിൽ ചെന്നിരുന്ന അവസരത്തിൽ 'നിങ്ങൾ ഇന്നു ഉണ്ണിഈശോയിക്കു എത്രശ്രേഷ്ഠപലഹാരങ്ങൾ കാഴ്ചവെച്ചു?' എന്നു ഞാൻ ചോദിച്ചു.

'അച്ചാ ഞാൻ മൂന്നു.' 'ഞാൻരണ്ടു.' 'ഞാൻ നാലു. എങ്കിലും അതു വിശേഷമല്ലായിരുന്നു' എന്നു അവർ ഉത്തരിച്ചു. 'അച്ചാ ഞാൻ ഒന്നേ കാഴ്ചവെച്ചുള്ളു'. എനിക്കു നുണ പറയാൻ കഴികയില്ല. എന്നു ഒരു കുട്ടി ഉത്തരിച്ചു. എന്നാൽ അവരുടെ ജ്ഞാനപലഹാരങ്ങൾ എന്തെല്ലാമായിരുന്നു എന്നറിയണമെങ്കിൽ ഇതാ കേട്ടുകൊൾക. ആദ്യം മൂന്നു കാഴ്ചവെച്ചെന്നു പറഞ്ഞ പെൺകുട്ടി അവളുടേതു ഇ

പ്രകാരം വിവരിക്കുന്നു. ഞാൻ ഈ കഴിഞ്ഞ രാത്രിയിൽ ഉണർന്നപ്പോൾ എന്റെ പതിവുള്ള നമസ്കാരങ്ങൾ എത്തിച്ചിട്ടില്ലായിരുന്നു എന്നു ഞാൻ ഓർത്തു. ഉടനെ ഞാൻ എണീറ്റു, അതെത്തിച്ചു. പിന്നെ, രാവിലെ കുർബാനകാണാൻ പോയസമയം, ഏറ്റം നല്ല ബെഞ്ചിനെ ഉപേക്ഷിച്ചു, മോശമായബെഞ്ചിന്മേൽഞാൻ മുട്ടുകുത്തി. പള്ളിയിൽനിന്നു കുർബാനകഴിഞ്ഞുവന്നപ്പോൾ, പുര ഒന്നടിക്കണമെന്നു അമ്മയ്ക്കു തല്പര്യമുണ്ടായിരിക്കുമെന്നു കരുതി, ഉടനെ ഞാൻ ചൂലെടുത്തു എന്നോടാരും ആവശ്യപ്പെടാതെതന്നെ, വീടെല്ലാം അടിച്ചു ശുചിയാക്കി." രണ്ടാമത്തെ കുട്ടി, അവളുടേതു ഇപ്രകാരം വർണ്ണിക്കുന്നു: "എന്റെ സഹോദരി എനിക്കു രണ്ടടിതന്നു, ഞാൻ അവളോടു ഒന്നും പകരം വീട്ടിയില്ല. പിന്നെ, എനിക്കു സമ്മാനം കിട്ടിയ രണ്ടു നാരങ്ങകളിൽ വലുതു ഞാൻ അവൾക്കു ദാനിക്കയും ചെയ്തു. ഉണ്ണിയെപ്രതിയല്ലായിരുന്നെങ്കിൽ, അവൾക്കു ഞാൻ നല്ലതിനെണ്ണം കൊടുത്തേനെ. എന്റെ നാരങ്ങയെ അവളെ കാണിക്കുകൂടി ചെയ്തിയില്ലായിരുന്നു"

മാന്യ കുസുമവായനക്കാരെ, ഈ കുഞ്ഞുങ്ങളുടെ ജ്ഞാനപലഹാരങ്ങൾ, ദിവ്യ ഉണ്ണിക്കു എത്രയും പ്രസാദകരമായിരിക്കുമെന്നതിനു സംശയമില്ല. സാധുക്കളായ ഈ കാബിൻ കുട്ടികൾ, ശേഷംകുട്ടികൾക്കു, എന്നുമാത്രമല്ല, പ്രായംചെന്നവർക്കും എത്രയും അനുകരണീയമായ ഒരു ദൃഷ്ടാന്തമാണ് കാണിച്ചുതരുന്നതു. പ്രത്യേകം മാതാപിതാക്കന്മാരും ഉപാദ്ധ്യായന്മാരും ഉപാദ്ധ്യായിനികളും തങ്ങളുടെ കീഴിലുള്ള കുഞ്ഞുങ്ങളെ ഈ വിധ ജ്ഞാനസൂത്രങ്ങളെ പഠിപ്പിക്കുന്നതായാൽ, അതു രണ്ടുകൂട്ടർക്കും വളരെ പ്രയോജനകരമായിരിക്കും.

.൨ .2

സുറിയാനിക്കാർ അറിഞ്ഞിരിക്കേണ്ട ചില തിരുസംഘ നിർണ്ണയങ്ങൾ.

റോമായിൽനിന്നു പൊതുനിയമങ്ങൾ പുറപ്പെട്ടാൽ, അവ സാധാരണയായി കിഴക്കൻ റീത്തുകാരെയും കിഴക്കൻ റീത്തുകാരായ മലയാളത്തിലെ കത്തോലിക്ക സുറിയാനിക്കാരെയും സംബന്ധിക്കുന്നതല്ലെന്നു താഴെവരുന്ന പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ നിർണ്ണയങ്ങൾ വ്യക്തമായി പ്രസ്താവിക്കുന്നുണ്ടു. വരാപ്പുഴ അതിരൂപതയിലെ നി. വം. ദിവ്യശ്രീ ബെർണ്ണാർദ് മെത്രാപ്പോലീത്താച്ചൻ ഫർഫ ജനുവരി ൨൯-൦൧- മലയാള സുറിയാനിക്കാരെപ്പറ്റി ചില സംശയങ്ങൾ ചോദിച്ചതിനു പ്രൊപ്പഗാന്ത തിരുസംഘം ഫർഫ ഫെബ്രുവരി ൨൩൦൧- കൊടുത്ത മറുപടിയിലാണ് ഈ നിർണ്ണയങ്ങൾ അടങ്ങിയിരിക്കുന്നതു. തിരുസംഘത്തിന്റെ മറുപടിലേഖനം തർജ്ജമചെയ്തു താഴെ ചേർക്കുന്നു.

"കിഴക്കൻറീത്തു കാര്യങ്ങൾക്കു വേണ്ടിയുള്ള പ്രൊപ്പഗാന്ത തിരുസംഘം"

റോമാ ഫർഫ ഫെബ്രുവരി ൨൩.

വരാപ്പുഴ മെത്രാപ്പോലീത്താ നി. വ. ദിവ്യശ്രീ മൊൻസിഞ്ഞോർ ബെർണ്ണാർദ് അർഗിൻസൊനിസ് അവർകൾക്കു്.

സുപ്രസിദ്ധനും ഏറ്റം വന്ദ്യനുമായ അച്ചാ! പള്ളിക്കൂത്ത ചില നിയമങ്ങൾ മലയാളത്തിലെ സുറിയാനിക്കാരെ സംബന്ധിക്കുമോ എന്ന സംശയം ചോദിക്കുന്നതായി കഴിഞ്ഞ ജനുവരി ൨൯-൦൧- താങ്കൾ അയച്ചയെഴുത്തു ഞാൻ കൈപ്പറ്റി.

കിഴക്കൻ റീത്തുകാരെപ്പറ്റി പറയുമ്പോൾ, അവർ താഴെ വരുന്ന മൂന്നു സംഗതികളിൽ ഒഴികെ അതായതു: ക. കത്തോലിക്കാ വിശ്വാസത്തിനും പഠനത്തിനുമടുത്ത സംഗതികളിലും, ഖ. സാധാരണയെ അവരെയും സംബന്ധിക്കുന്നവെന്നു കാണിക്കുമ്പോൾ, അതായതു്. ഒരു വെറും പള്ളിക്കൂത്ത നിയമമല്ല, ദൈവപ്രമാണത്തിന്റെ അഥ

വാ സ്വഭാവപ്രമാണത്തിന്റെ വ്യാഖ്യാനമാകുമ്പോഴും, സ്വ. ഭരണസംബന്ധമായ നിയമം തന്നെ ആയിരുന്നാലും കിഴക്കൻ റീത്തുകാരെയും ഇതു സംബന്ധിക്കുന്നതാണെന്നു നിയമത്തിൽതന്നെ വ്യക്തമായി പ്രസ്താവിച്ചിരിക്കുമ്പോഴും ഒഴികെ മാപ്പാപ്പായുടെ പൊതു നിയമങ്ങളിൽ അവർ ഉൾപെടുന്നതല്ലായെന്നു ഓർക്കേണ്ടതാണ്. (Collectanea എന്ന പ്രബന്ധം ൨൰ പുസ്തകം ൪൭൨ നമ്പ്രനോക്കിക്കൊൾക.)

Apostolicae Sedis 'ശ്ലീഹായുടെ സിംഹാസനത്തിന്റെ' എന്നാരംഭിക്കുന്ന നിയമം സംബന്ധിച്ചു പറഞ്ഞാൽ, സാങ്ക്ത്തി ഒഫീച്ചി എന്ന തിരു സംഘം ൧൮൬൫ ജൂലായി ൪൫–൦൩- Nihil esse innovatum quoad Orientales: 'ഇതുമൂലം കിഴക്കൻ റീത്തുകൾക്കു യാതൊന്നും നവമായി നിശ്ചയിക്കപ്പെട്ടിട്ടില്ലാ' എന്നു തീർച്ച ചെയ്തിട്ടുണ്ട്. ആകയാൽ മലയാളത്തിലെ സുറിയാനിക്കാരും ഒരു നിയമം ഉണ്ടാകുന്നതിനു മുമ്പുള്ള ശിക്ഷകൾക്കും മുടക്കുകൾക്കുമാത്രം കീഴ്പെട്ടിരിക്കുന്നു.

വിവാഹസംബന്ധമായിട്ടുള്ള Ne temere എന്ന ദെക്രേത്തു, ദമ്പതിമാർ രണ്ടു പേരും മലയാള സുറിയാനിക്കാരായിരുന്നാൽ അവരെ സംബന്ധിക്കയില്ല; എന്നാൽ ഒരു സുറിയാനിക്കാരൻ അഥവാ സുറിയാനിക്കാരത്തി ലത്തീൻറീത്തിൽ ഉൾപ്പെട്ട ഒരാളോടു വിവാഹം കഴിക്കുന്നവെങ്കിൽ ഇരുപാട്ടുകാരും മേല്പറഞ്ഞ ദെക്രേത്തിനു കീഴ്പെടുന്നതാണ്.

പള്ളി വസ്തുക്കളുടെ നടത്തൽ സംബന്ധിച്ചു പറഞ്ഞാൽ, കൈക്കാരന്മാർക്കു മെത്രാനെ സഹായിപ്പാൻ പാടുണ്ട്; എന്നാൽ അവർക്കു കർത്തവ്യമൊന്നുമില്ല; കർത്തവ്യം പള്ളിക്കുടുത്ത അധികാരത്തിൽമാത്രം സ്ഥിതിചെയ്യുന്നു.

കത്തോലിക്കു സ്കൂളുകൾ കത്തോലിക്കു അധികാരികളുടെ നടത്തലിൽ ഇരിക്കേണ്ടതാണ്. പഠനക്കാരായ യുവാക്കന്മാരുടെ വിശ്വാസം ഇടത്തുട്ടുകാരുടെയും ശിസ്യക്കാരുടെയും കണികളിൽനിന്നു സൂക്ഷിച്ചു കാക്കേണ്ടുന്നതിനായി തിരു സിംഹാസനത്തിൽനിന്നു പുറപ്പെട്ടിട്ടുള്ള നിബന്ധനകളെയെല്ലാം മലയാള സുറിയാനിക്കാരുടെ പക്കലും പള്ളിക്കുടുത്ത അധികാരികൾ നടത്തേണ്ടതാണ്.

താങ്കളുടെ എഴുത്തിൽ ചോദിച്ചിട്ടുള്ള മറ്റു സംശയങ്ങൾക്കും ഒരോ തന്നമറുപടികൾ കൊണ്ടു തന്നെ നിവാരണം വരുവാനുണ്ട്.

കത്താവിൽനിന്നു താങ്കൾക്കു സകലവിധ നന്മകളെയും പ്രാർത്ഥിച്ചുകൊണ്ടു താങ്കളുടെ ഏറ്റവും ശ്രേഷ്ഠമുള്ള ശുശ്രൂഷി

ഈറാനീമ്മോസു മറിയം ഗോത്തി
കർത്താവാൽ മേലദ്ധ്യക്ഷൻ.
ഈറാനീമ്മോസ് റൊള്ളേരി
സെക്രട്ടറി.

൧൯൨൪ ൨൰ ൦൫

വിശുദ്ധ പാപ്പാമാരെപ്പറ്റിയുള്ള ഒരു ചുരുങ്ങിയ വിവരണം.

വിശുദ്ധ പത്രോസ് മുതൽ ഇപ്പോൾ വാഴുന്ന ൨൫൦–ാം പീയൂസ് വരെ 'വിശുദ്ധപാപ്പാ' മാരൊഴിച്ചു, ആകെ ഇരുനൂറ്റി അമ്പത്തൊമ്പതു (൨൫൯) മാപ്പാപ്പാമാർ കത്തോലിക്കാ സഭയെ ഭരിച്ചിട്ടുണ്ട്. അവരിൽ മുപ്പത്തിമൂന്നു (൩൩) വേദസാക്ഷികൾ ഉൾപ്പടെ എണ്പത്തിരണ്ടു (൮൨) പേർ വിശുദ്ധന്മാരായി വണങ്ങപ്പെടുന്നവരാണ്. അവർ ഏതെല്ലാം രാജ്യക്കാരാണെന്നു താഴെ കാണിക്കുന്നു.

റോമാക്കാർ	൧൭൯
ഇത്താല്യായുടെ പല ഭാഗത്തുനിന്നുള്ളവർ	൧൩൨.
ഫ്രാൻസുകാർ	൪൭.
ഗ്രേക്കുകാർ	൧൧.
ജപ്പാൻകാർ	൭.
ആസ്യക്കാർ	൫.
ആഫ്രിക്കർ	൩.
സ്പെയിൻകാർ	൩.
ഭൽമെസ്യർ	൨.
യൂദൻ	൧.
ത്രാസ്യൻ	൧.
ലന്തക്കാരൻ	൧.
പൊർത്തുഗീസ്കാരൻ	൧.

കാണ്ടിയൻ ,, ൫.
ഇാഗ്നീഷ്യൂരൻ ,, ൫

ഇവരിൽ ഒമ്പതുപേർ ഒരു മാസത്തിൽ കുറച്ചും, മുപ്പതുപേർ ഒരു വത്സരത്തിൽ കുറച്ചും പതിനൊന്നുപേർ ഇരുപതു വഷ്ത്തിൽ കൂട്ടതലായും വാണിട്ടുണ്ട്. എന്നാൽ ഇരുപത്തിമൂന്നു വഷ്ത്തിൽ പരം വാണിട്ടുള്ളവർ ഏഴുപേരെ ഉള്ളു. അവടെ പേരുവിവരവും വാണകാലവും ഇപ്രകാരമാണ്.

		വഷ്ം.	മാ.	ദി.
വി. പത്രോസ്	റോമിൽ	൨൫	൨	൬
വി. സിൽവെസ്ത്രോസ്	I.	൨൧	൧൦	൨൬
വി. അദ്ദിയാനോസ്	I.	൨൧	൧൦	൨൬
വി. പീയൂസ്	VI.	൨൪	൩	൧൪
വി. പീയൂസ്	VII.	൨൧	൪	൩൩
പീയൂസ്	IX.	൩൧	൭	൨൦
ലെയൊൻ	XIII.	൨൬	൪	൦



തിരുഹൃദയ ഭക്തന്മാർ

൧൯൮൬ മേടമാസത്തിൽ വെക്കേണ്ട

പൊതുക്കരുതൽ.

"പ്രാൻസിൽ കത്തോലിക്കാ തിരുസഭയുടെ വിജയം."

പ്രഞ്ചുഗവമ്മേണ്ടിന്റ ഇപ്പോൾ കത്തോലിക്കാ തിരുസഭയോട സ്വരച്ചേർച്ചയില്ലാതിരിക്കയാണല്ലോ. തിരുസഭയേയും സക്കാരിനേയും തമ്മിൽ പിരിക്കുന്നതായ നിയമം ൧൯൦൫-ൽ വിളംബരം ചെയ്യപ്പെട്ടതിനോടെ അതുവരെ ഉണ്ടായിരുന്ന കൊൺകോർഡാറ്റ് ഉടമ്പടി നാമാവശേഷമായിപ്പോയി. ഈ ഉടമ്പടിമൂലം മെത്രാന്മാർ വികാരിമാർ മുതലായവക്ക് ഗവമ്മേണ്ടിൽനിന്നു കൊടുക്കാൻ ചുമതലപ്പെട്ടിരുന്ന ധനസഹായം മേൽപറഞ്ഞ വഷ്ം മുതൽ നിറുത്തലാക്കപ്പെട്ടിരിക്കയാണ്. ഇതിനുംപുറമെ സന്യാസ സമൂഹങ്ങൾ മുതലായ കത്തോലിക്കാ സ്ഥാപനങ്ങൾക്കു വിരോധമായും മറും പലേ വിധ്രതനിയമങ്ങളും ആ ഗവമ്മേണ്ടിൽനിന്നു ഏർപ്പെട്ടുത്താതിരുന്നില്ല. ഇതെല്ലാം ഒരു പ്രകാരത്തിൽ തിരുസഭക്കു ദോഷകരമായിട്ടുണ്ടെന്നുതന്നെ പറയേണ്ടതാണ്. എങ്കിലും ചില പ്രധാനമായ ഗുണങ്ങളും അവമൂലം ഉണ്ടാകാതിരുന്നിട്ടില്ല. ഇപ്പോൾ ഉദ്യോഗനിയമനം മുതലായി മുഖ്യമായ പലേ സംഗതികളിലും തിരുസഭക്കു മുമ്പേത്തേക്കാൾ സ്വാതന്ത്ര്യമുണ്ട്. കൊൺകോർഡാറ്റ് ഉടമ്പടിയുണ്ടായിരുന്നപ്പോൾ ഗവമ്മേണ്ടിന്റെ അറിവുകൂടാതെ മെത്രാന്മാർ വികാരിമാർ മുതലായവരെ നിയമിക്കുവാൻ പാടുണ്ടായിരുന്നില്ല. ഈ നിബ്ന്ധംമൂലം അർഹതയില്ലാത്തവർ ഉദ്യോഗപ്രാപ്തരാകുക മുതലായ ദോഷങ്ങൾ നേരിട്ടുന്നതു അത്ര ദുർല്ലഭമല്ലായിരുന്നു. ഗവമ്മേണ്ടിന്റെ മതവിരുദ്ധമായ നയം പ്രബലപ്പെട്ടതിനോടെ പ്രാൻസിലെ കത്തോലിക്കർക്കു പൊതുവെ വലുതായ ഉണർച്ചയുണ്ടായിട്ടുണ്ട്. ഇപ്പോഴത്തേക്കാൾ അധികമായി പ്രാൻസിൽ വല്ല കാലത്തും ദൈവം സ്നേഹിക്കപ്പെട്ടിട്ടുണ്ടോ എന്നു തോന്നിക്കുന്നതുക്ക നിലയിൽ അവരുടെ മതതീഷ്ണതയും മതനിഷ്ഠയും എത്തിയിരിക്കുന്നതായി പ്രത്യക്ഷപ്പെടാതിരിക്കുന്നില്ല. ഈ നല്ലഅവസ്ഥയിൽതന്നെ അവർ നിലനിൽക്കുന്നതിനു തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകം പ്രാർത്ഥിക്കണമെന്നു ഓർപ്പിച്ചുകൊള്ളുന്നു.

ലോകവർത്തമാനച്ചുരുക്കം.

വത്തിക്കാൻ അരമനയിൽ പ്രതിവഷ്ം പതിവുള്ള അമ്പതുനോയമ്പു പ്രസംഗങ്ങൾ ഇക്കൊല്ലവും ദി. ശ്രീ ഫാദർ ലൂക്കാ ദെൽ

പാരൊവാ അവർകൾ നടത്തിവരുന്നു. ദുഃഖവെള്ളിയാഴ്ചയെഴിക്കെ നോയമ്പിലെ ശേഷമുള്ള എല്ലാ വെള്ളിയാഴ്ചകളിലും പ്രസംഗമുണ്ട്. കാർഡിനൽമാർ, മെത്രാന്മാർ, 'പ്രെലറു' സ്ഥാനവാഹികൾ, സന്ന്യാസസഭകളുടെ പ്രധാനാദ്ധ്യക്ഷന്മാർ മുതലായവരാണ ഇതിൽ സംബന്ധിക്കുന്നതു്. ചുവന്ന നിറത്തിലുള്ള ഒരു ജവനികക്കുപ്പായത്തു രഹസ്യമായി ഇരുന്നുകൊണ്ടു് മാപ്പ്ലാപ്പാ തിരുമനസ്സുകൊണ്ടു പ്രസംഗം കേൾക്കയാണ പതിവു്. ഇപ്പോഴത്തെ അപ്പസ്തോലിക്കു പ്രാസംഗികനായ ഫാദർ ലൂക്കാ അവർകൾ അഭിമാനകരമായ ഈ ജോലിക്കായി നിയമിക്കപ്പെട്ടതു് ഫൻൻ-ലെ അമ്പതുനോയമ്പിലാണ്. ഫാദർ ലൂക്കാ അവർകളെപ്പോലെ കപ്പൂച്ചിൻ സഭക്കാരൻതന്നെ ആയിരുന്ന, ഫാദർ പച്ചീഫിക്കോ അവർകളായിരുന്ന അപ്പോഴത്തെ പ്രാസംഗികൻ. അദ്ദേഹം പ്രസ്തുത സഭയുടെ മിനിസ്റ്റർ ജനറാളായി നിയമിക്കപ്പെട്ടപ്പോൾ ഫാദർ ലൂക്കാ അദ്ദേഹത്തിന്റെ സ്ഥാനത്തിൽ നിയമിക്കപ്പെട്ടകയാണുണ്ടായതു്. 'അപ്പസ്തോലിക്കു പ്രാസംഗികൻ' അഥവാ മാപ്പ്ലാപ്പായുടെ അരമനയിലെ പ്രാസംഗികൻ എന്നുള്ളതു വളരെ പുരാതനമായ ഒരു ഉദ്യോഗമാണ. നാലാം പൌലോസ് മാപ്പ്ലാപ്പായാണ് ഇങ്ങനെ ക്രമമായി വരത്തിക്കാനിൽ അമ്പതുനോയമ്പിൽ പ്രസംഗിക്കുന്ന വ്യവസ്ഥയെ ഏർപ്പെടുത്തിയതു്. പതിനാലാം ബെനഡീക്തോസ് മാപ്പ്ലാപ്പായുടെ ഭരണകാലംവരെ വിവിധ സന്ന്യാസസഭകളിൽപെട്ട പലേ വിശ്രുതന്മാരായ പ്രാസംഗികന്മാർ ഈ ജോലി നിർവ്വഹിച്ചിട്ടുണ്ടു്. പ്രസ്തുത മാപ്പ്ലാപ്പായാവട്ടെ ഫ്രെഞ്ചുഭാഷയിൽ 'ഇന്നസ്സെന്റിത്തും' എന്നു തുടങ്ങുന്ന തിരുവെഴുത്തുമൂലം 'അപ്പസ്തോലിക്കു പ്രാസംഗികന്മാർ' എന്നുള്ള പ്രശസ്തമായ ഉദ്യോഗത്തെ പ്രാൻസിസ്കൻ സഭയുടെ ഒരു ശാഖയായ 'മൈനർസ്'കാരെ ഏല്പിച്ചിരിക്കയാണ്.

റോമിലെ ഏറ്റവും വിശ്രുതമായ അസ്തൃതികളിൽ ഒന്നായ 'സാൻജിയക്കോമൊ' ഹോസ്പിറ്റൽ കുറേമുമ്പു റോമൻമുൻസിപ്പാലിറ്റിക്കാർ അടച്ചുകളകയുണ്ടായി. ഈ പ്രവൃത്തിമൂലം റോമിൽ ഉണ്ടായ ബഹളം ചില്ലറയല്ല. കഴിഞ്ഞ മാർച്ച് ൻ--ാ, ഫാ--ാ തീയതികളിൽ അവിടെ പിയാസാ ദെൽപോപ്പൊലൊ എന്ന സ്ഥലത്തു അനേകായിരം ആളുകൾ ഒന്നുചേർന്നു യോഗങ്ങൾ കൂടുകയും ഗവർമ്മേണ്ടിന്റെ നടപടിയെ ആക്ഷേപിച്ചു പലേ പ്രസംഗങ്ങൾ നടത്തുകയും ഉണ്ടായി. പൊതുജനം ഒന്നുമാത്രം മുൻനിറുത്തിക്കൊണ്ടു റോമാ നിവാസികളെല്ലാം കക്ഷിഭേദമൊന്നും വകവെക്കാതെ ഈ സന്ദർഭത്തിൽ പ്രവർത്തിച്ചുവെന്നുള്ളതു പ്രത്യേകം സ്മരണീയമാണ്. ഏതായാലും അവരുടെ പ്രയത്നത്തിന്റെ ഫലമായി പ്രസ്തുത ഹോസ്പിറ്റൽ വീണ്ടും തുറക്കപ്പെട്ടുവെന്നാണ കാണുന്നതു്.

പ്രാൻസിലെ പലേ രൂപതകളിൽ നിന്നുമായി ഏകദേശം നൂറു കത്തോലിക്കർ ഇടയിടെ പാരീസിൽ ഒരു യോഗം കൂടി അവിടത്തെ ഗവർമ്മേണ്ടിന്റെ വേദവിരോധമായ നയത്തെ സ്ഥലമായി പ്രതിക്രിയിക്കുന്നതിനുള്ള ഉത്തമമാർഗ്ഗങ്ങളെപ്പറ്റി പര്യാലോചിക്കയുണ്ടായി.

അടുത്ത വർഷം അമേരിക്കായിൽ സാൻ പ്രാൻസീസ്കോസിൽ നടത്താനിരിക്കുന്ന വിശ്രുതമായ പ്രദർശനത്തിൽ സംബന്ധിക്കുന്നതിനു ഇറ്റലിയുടെ പ്രതിനിധിയായി കുപ്രസിദ്ധനായ സിഞ്ഞോർ നാത്താനെയാണ് ആ ഗവർമ്മേണ്ടു നിയമിച്ചിരിക്കുന്നതു്.

മഹാനായ നെപ്പോളിയൻ സെൻറ് ഹെലിനായിലേക്കു നാടുകടത്തപ്പെട്ടിരുന്നപ്പോൾ അദ്ദേഹം അവിടെ താമസിച്ചിരുന്നതായ കെട്ടിടത്തിന്റെ സംരക്ഷണക്കായി ഇംഗ്ലീഷ് ഗവർമ്മേണ്ടിൽനിന്നു സഹായധനം നൽകിയിരിക്കുന്നു.

ഗ്രേറ്റ്ബ്രിട്ടനിൽ വിദേശകാര്യ മന്ത്രിയായിരിക്കുന്ന സർ എഡ്വേർഡ് ഗ്രേ അവർകൾ ഏറെ താമസിയാതെ പാരീസ് സന്ദർശിക്കുന്നതാണ്. ഇതിനു മുമ്പു ഒരു ബ്രിട്ടീഷ് വിദേശകാര്യ മന്ത്രിയും പാരീസ് സന്ദർശിച്ചിട്ടില്ലെന്നാണ് കാണുന്നതു്.

നാല്പതു രൂപായിൽ കുറയാതെ ശമ്പളമുള്ള എല്ലാ ഉദ്യോഗങ്ങൾക്കും ബി. ഏ. ക്കാരെ മാത്രമേ നിയമിപ്പാൻ പാടുള്ളുവെന്നു ദിവാൻജിയവർകൾ അഭിപ്രായപ്പെട്ടതിനെ മഹാരാജാവു തിരുമനസ്സുകൊണ്ടു അനുവദിച്ചില്ലെന്നറിയുന്നു.

റോമായിൽ "ഒറാന്യൂസ് സബീന" എന്ന വിശ്രമമന്ദിരത്തിൽനിന്നു അല്പം അകലെയായി, പുരാതനകാലത്തു റോമാക്കാർ കച്ചവടം നടത്തിയിരുന്ന ഒരു ചന്തസ്ഥലം ഇപ്പോൾ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. പണ്ടു അതിനു സമീപമുള്ള സ്ഥലങ്ങളിലെ കുഴിസ്ഥലങ്ങളെ അവിടെ വച്ചാണ് വിറ്റിരുന്നതെന്നും അവിടെനിന്നും റോമാപട്ടണത്തിലേക്കു ആവശ്യമുള്ള പദാർത്ഥങ്ങളെ അനിയേന എന്ന ആറുവഴിയാണ് കൊണ്ടുപോയിരുന്നതെന്നും കാണുന്നു.

അമേരിക്കയിലെ ഐക്യനാടുകളിലുള്ള ഗവർമ്മേണ്ടു പാഠശാലകളിൽ യാതൊരു അദ്ധ്യാപകനും സ്ത്രീ സമയങ്ങളിൽ അദ്ധ്യേതാക്കളോടു വേദസംബന്ധമായി ഒരു വാക്കുപോലും പറഞ്ഞുകൂടെന്നു നിബന്ധമുണ്ട്. അവർക്കു മറ്റേതെങ്കിലും സംഗതികളെപ്പറ്റി പറയാം. അവരുടെ പഠിതാക്കൾക്കു ദൈവത്തിന്റെ നേരെയുള്ള കർത്തവ്യകർമ്മങ്ങളെക്കുറിച്ചു മാത്രം യാതൊന്നും പറഞ്ഞുകൂടാ! കത്തോലിക്കാ ബാലികാബാലന്മാർക്കു ഈ വ്യവസ്ഥ മൂലം ഉണ്ടാകാവുന്ന ദോഷങ്ങളെ തടയുന്നതിലേക്കു ന്യൂയോർക്കു പട്ടണത്തിലെ കത്തോലിക്കു അദ്ധ്യാപകന്മാർ ഒരു സമാജമായി ചേർന്നിരിക്കുന്നു. സ്ത്രീസമയം കഴിഞ്ഞു തങ്ങളുടെ അദ്ധ്യേതാക്കൾക്കു മതപഠനം നൽകുന്നതിനാണ് പ്രസ്തുത സമാജക്കാർ ഉദ്ദേശിച്ചിരിക്കുന്നതു്.

ചങ്ങനാശേരി മിസ്സത്തിന്റെ വികാരി അപ്പസ്തോലിക്കാ നി. വ. ദിവ്യശ്രീ കയ്യാല ദ്ദേരി മാർതോമ്മാമെത്രാനച്ചൻ അവർകൾ, മിസ്റ്റർ എം. ടി. കോശി ബി. എ. എൽ. ടി. ഒരുമിച്ചു് മാർച്ചു മാസം 2-ാംനു കാലത്തു ൻ മണിക്കു സപരിവാരം ചങ്ങനാശേരിയിൽനിന്നു റോമിലേക്കു യാത്ര പുറപ്പെട്ടിരിക്കുന്നു.

മുപ്പതു ലക്ഷം കത്തോലിക്കർ ഉള്ളതും ലോകത്തിലേക്കും ഏറ്റവും വലിയ രൂപതയുമായ ബ്രെസ്ലൊ (ജർമ്മനി)യിലെ മെത്രാനായിരുന്ന മഹോന്നത കാർഡിനാൽ കോപ്പ് അവർകൾ മരണം പ്രാപിച്ചിരിക്കുന്നു. ഇപ്പോൾ കാർഡിനൽമാരുടെ എണ്ണം അമ്പത്തിമൂന്നായി കുറഞ്ഞിരിക്കയാണ്. റമ്പോള്ള, ജെന്നാരി, ഒരേലിയാ, റെസ്പിഗി, വീവസ് ഇ ത്തെ, നാഗൽ എന്നീ കാർഡിനൽമാർ പൂർലോകഗതന്മാരായിട്ടു ഇനിയും ഒരു കൊല്ലം തികഞ്ഞിട്ടില്ലല്ലോ. കാർഡിനൽ കോപ്പ് അവർകൾ എല്ലാംകൊണ്ടും പ്രധാനപ്പെട്ട ഒരു പുരുഷശിരോമണിയായിരുന്നു. മതമല്ല, ജർമ്മൻകാരനായി ഉണ്ടായിരുന്ന ഏക കാർഡിനലുമായിരുന്നു ഇദ്ദേഹം. പ്രോട്ടസ്റ്റൽറ്റുകാരും ഉൾപ്പെടെ സ്വദേശാഭിമാനികളായ ജർമ്മൻകാർ സ്വദേശീയരായ കാഡിനൽമാരുടെ എണ്ണം പോരെന്നു കുറേക്കാലമായി ആവലാധിപ്പെട്ടുകൊണ്ടിരിക്കയാണ്. ആ സ്ഥിതിക്കു ഇപ്പോൾ അവരുടെ പ്രാതിനിധ്യം വഹിക്കുന്നതിനു ഒരു കാർഡിനലും ഇല്ലാതെയായിത്തിന്നതു അവർക്കു പ്രത്യേകം ക്ലേശകാരണമാണെന്നു പറയേണ്ടതില്ലല്ലോ.

ചീനത്തെ രാജകീയ മതമായി "സ്വർഗ്ഗത്തിന്റെയും കൊൺഫ്യൂചിയൂസിന്റെയും ആരാധന"യെ നിശ്ചയിക്കുന്നതായ ഒരു ബിൽ അവിടത്തെ പാർലിയമേൻറിൽ പാസാക്കപ്പെട്ടിരിക്കുന്നു. ഈ ബില്ലിനെ പാർലിയമേൻറിൽ കൊണ്ടുവന്നതു് പുതിയ പ്രസിഡണ്ടായ യുവാൻഷിക്കായി തന്നെയാണ്. ഒരു മതത്തെ 'രാജകീയ' മതമായി നിശ്ചയിക്കുന്ന കാര്യത്തിൽ പല വകുപ്പുകാരായ ക്രിസ്ത്യാനികൾക്കു മാത്രമല്ല, മഹമ്മദീയർ ബുദ്ധമതക്കാർ മുതലായവർക്കും തീരെ വിരോധമാണുള്ളതു്. ഇതുനിമിത്തം വലിയ തർക്കവാദങ്ങൾക്കിടയുണ്ടെന്നു കാണുന്നു. പുതിയ പ്രജാധിപത്യത്തിന്റെ നിയമങ്ങൾ മൂലം ഒരു രാജകീയമതത്തെക്കുറിച്ചു യാതൊരു വകുപ്പുവ്യവസ്ഥകളും ചെയ്തിട്ടില്ല. ബിൽ പാസാക്കുന്നതിനു മുമ്പു പ്രസ്തുതാരാധനയെപ്പറ്റി വലിയ വാദപ്രതിവാദങ്ങൾ നടക്കുകയുണ്ടായി. ഒരു സഭാംഗം ഇങ്ങനെ ചോദിച്ചു: "സ്വർഗ്ഗം എന്താണ്? അതിനെ ആരാധിക്കുന്നതിനുമുമ്പു അതെന്താണെന്നതന്നെ അറിയേണ്ടതാണല്ലൊ" ഈ ചോദ്യത്തിനു കൊടുക്കേണ്ട മറുപടിയെക്കുറിച്ചു് വലിയ വാദങ്ങൾ നടന്നു. അങ്ങനെ കൊൺഫ്യൂചിയൂസിന്റെ ആരാധനയുടെ പ്രകൃതിയും പ്രബലമായ തർക്കവാദങ്ങൾക്കു വിഷയീഭവിക്കാതിരുന്നില്ല. ഒടുവിൽ അദ്ധ്യക്ഷൻ ഈ സംഗതികൾ വേദവിഷയങ്ങളല്ലെന്നും കേവലം രാജ്യസംബന്ധമായവ മാത്രമേ ആകുന്നുള്ളുവെന്നും പ്രസ്താവിച്ചു വാദപ്രതിവാദങ്ങൾ അവസാനിപ്പിക്കയുണ്ടായതു്.